കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പല്ലശ്ശന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി.18-1513/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/10/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലശ്ശന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-21,1-22,1-23,1-24, 1-27,3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി.18-1513/25 തീയ്യതി: 08/10/2025

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2024 മുതൽ 20-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു.പി	ഡെപ്യൂട്ടി ഡയറക്ടർ	21-08-2025	30-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2025	30-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.ഐ.സുലൈമാൻ, ഓഡിറ്റ് ഓഫീസർ
2.ശ്രീമതി.പി.സരിത,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.സി.സൌരഭ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.പി.സംഗീത്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സായ് രാധ.എൽ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.അനുപമ.എ.	സെക്രട്ടറി	01-04-2024	04-10-2024
ശ്രീ.എസ്.മഹേഷ് കുമാർ	സെക്രട്ടറി	05-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വിനേഷ് പി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി.മിത്തു ആന്റു	കൃഷി ഓഫീസർ	01-04-2024	31-03-2025

ശ്രീമതി.ഷൈമ.ടി.ഇ.	ഹെഡ് മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീമതി.നിഖില.ഇ.എസ്.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി.ദിവ്യ.എം.കെ.	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീ.മനോജ്.എം	വി.ഇ.ഒ. സർക്കിൾ- 1	01-04-2024	31-03-2025
ശ്രീ.സുബൈർ.എസ്.	വി.ഇ.ഒ. സർക്കിൾ-2	01-04-2024	31-03-2025
ശ്രീമതി.റൂബി സേവ്യർ.കെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.സുമേഷ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	21-01-2025
ഡോ.ബിന്ദു.കെ	മെഡിക്കൽ ഓഫീസർ, ആയുർവേദം	22-01-2025	31-03-2025
ഡോ.ദേവിലാൽ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2024	31-03-2025
ശ്രീ.ജയപ്രകാശ്.സി.സി.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-05-2024
ശ്രീമതി.ശ്രീലത.വി.പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-06-2024	18-10-2024
ശ്രീമതി.ശ്രീമ സദൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	19-10-2024	18-01-2025
ശ്രീമതി.സ്നേഹ.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	19-01-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രിക അപാകങ്ങൾ	1-1-2
4	ഓഡിറ്റ് റിക്കവറി ഹെഡിലെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	വികസനഫണ്ട് ജനറൽ വിഭാഗം ചെലവ് സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-5
7	ബഡ്ജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമപദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	തൊഴിൽ നികുതി അപാകതകൾ	1-11
17	വസ്തു നികുതി അപാകതകൾ	1-12
18	കച്ചവടത്തിന് ലൈസൻസ് അനുവദിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-13-1
19	ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ	1-13
20	കെ-സ്മാർട്ട് സോഫ്റ്റ് വെയർ -അപാകങ്ങൾ	1-14

21	നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല	1-15
22	അതിദാരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ - ആധാരത്തിലെ വിലയിൽ അധികരിച്ച് 25000/-രൂപ അധികം നൽകി-	1-16
23	ലൈഫ് ഭവന പദ്ധതി -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-17
24	അജൈവമാലിന്യ സംസ്കരണം-എസ് എസ് സ്വിംഗ് ബിന്നുകൾ വാങ്ങി വിതരണം ചെയ്യൽ പദ്ധതി അപാകതകൾ	1-18
25	വി.ഇ.ഓ നിർവഹണം നടത്തിയ സോക്ക്പിറ്റോടുകൂടി സെപ്റ്റിക്ക് ടാങ്ക് - പദ്ധതി പൂർത്തീകരിച്ചില്ല	1-19
26	കാർഷിക കർമ്മസേനയ്ക്കായി പാഡി ഡ്രയർ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	1-20
27	സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല	1-21
28	MGNREGS മെറ്റീരിയൽ പ്രവൃത്തികളിൽ മെറ്റീരിയൽ വിതരണക്കാരന്റെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല	1-22
29	MGNREGS -അർദ്ധ വിദഗ്ദ തോഴിലാളികൾക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികരിച്ച് തുക നല്കി	1-23
30	ജൽ ജീവൻ മിഷൻ-റെസ്റ്റോറേഷൻ ചെയ്ത റോഡ് പ്രവൃത്തികളുടെ ബിൽ തുക നാളിതുവരെ ലഭ്യമായിട്ടില്ല.	1-24
31	റോഡുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കൽ പ്രവൃത്തി നടപ്പാക്കിയതിലെ അപാകങ്ങൾ	1-25
32	കോക്ലിയർ ഇംപ്ലാന്റേഷൻ -മെയിന്റനൻസ് പ്രവർത്തനങ്ങൽ മോണിറ്റർ ചെയ്യേണ്ടതാണ്	1-26
33	തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ -കൃത്യമായ രേഖകൾ ഇല്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു	1-27
34	ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല	1-28
35	ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ബാക്കി നിൽക്കുന്ന 56770രൂപ തിരികെ ഈടാക്കേണ്ടതാണ്	1-29
36	ഓഡിറ്റ് ഇംപാക്ട്-കരാർ വയ്ക്കുന്നതിൽ കാലതാമസം-നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ ഈടാക്കി ഒടുക്കു വരുത്തി	1-30

37	ജൽജീവൻ മിഷൻ പദ്ധതി അവലോകനം	1-31
38	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	അതിദാരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ - ആധാരത്തിലെ വിലയിൽ അധികരിച്ച് 25000/-രൂപ അധികം നൽകി-	3-1
2	MGNREGS -അർദ്ധ വിദഗ്ദ തോഴിലാളികൾക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികരിച്ച് തുക നല്കി	3-2
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പദ്ധതിക്ക് ലഭിച്ച ഫണ്ട് വിവരം	4-3
4	ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകിയതിന്റെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയതിന്റെ വിവരം	4-5
6	സ്ഥിരനിക്ഷേപം	4-6
7	വായ്പ/ വായ്പ തിരിച്ചടവ്	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രിക -സംഗ്രഹം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.05.25 തീയതിയിലെ 103 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം 06.06.25 തിയ്യതിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള പല്ലശ്ശന ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും31.3.25 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും

മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പല്ലശ്ശന ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്
തീയതി : 08.10.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ക്യാഷ് ഫ്ലോ പത്രിക അപാകങ്ങൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 344031 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 705188 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ഓഡിറ്റ് റിക്കവറി ഹെഡിലെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് റിക്കവറി ഹെഡിൽ (180400301 RP -10) **47183** രൂപ യാണ് വരവുള്ളത്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 91443 രൂപ വരവുണ്ട്. വ്യത്യാസം 44260 രൂപ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ റിക്കവറി നടത്തിയ തുകയാണ്. ആയത് 2021-22 വർഷത്തെ ഓഡിറ്റ് പരാമർശം പ്രകാരം ഈടാക്കിയതിനാലാണ് റിക്കവറി രജിസ്റ്ററിൽ ചേർത്തതെന്നും യഥാർത്ഥത്തിൽ ഈ തുക Refund Of Unutilised Grants Prior Period (35040099) എന്ന ഹെഡിലാണ് അക്കൗണ്ടിൽ ചേർത്തിട്ടുള്ളത് എന്നും സെക്രട്ടറി അറിയിച്ചു.

1-1-4 വികസനഫണ്ട് ജനറൽ വിഭാഗം ചെലവ് സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വികസനഫണ്ട് ജനറൽ വിഭാഗം ചെലവ് വാർഷിക ധനകാര്യ പത്രിക **I-6** ഷെഡ്യൂൾ പ്രകാരം 14200718 രൂപയും കാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2350122 രൂപയും ആണ്. ആകെ ചെലവ് 16550840. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ആകെ ചെലവ് 16451598 ആണ്. വ്യത്യാസം 99242 രൂപ. കേരളോത്സവം പ്രോജക്ട് റിവിഷൻ ഡി.പി.സി അപ്രൂവലിന് ശേഷം വെറ്റിംഗ് ലഭിക്കാത്തതിനാൽ സുലേഖയിൽ ചെലവ് വരാത്തതിനാലാണ് ഈ വ്യത്യാസം ഉണ്ടായതെന്ന് സെക്രട്ടറി അറിയിച്ചു.

1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-2 ബഡ്ജറ്റ്

08-02-2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2024-25 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. 22.02.2025 ലെ ഭരണ സമിതി യോഗതീരുമാനം 3(1) പ്രകാരം ബഡ്ജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	15336258
തൻവർഷം വരവ്	302793950
ആകെ വരവ്	318130208
ചെലവ്	301980000

നീക്കിയിരിപ്പ്	16150208

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	32173400
വരവ്	52208571
ആകെ	84381971
ചെലവ്	51864540
നീക്കിയിരിപ്പ്	32517431

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക
വികസനഫണ്ട് -ജനറൽ	0	18737992	18737992	16550840 (*)	2187152 (ലാപ്സ്ഡ്)
വികസനഫണ്ട് - എസ്.സി.പി	0	14799284	14799284	13625000	1174284 (ലാപ്സ്ഡ്)
മെയിന്റനൻസ് ഗ്രാന്റ് റോഡ്	0	23398075	23398075	16467296	6930779 (ലാപ്സ്ഡ്)
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	5166390	5166390	4393000	773390 (ലാപ്സ്ഡ്)
സെൻട്രൽ ഫിനാൻസ്	5340024	6933000	12273024	5727734	6545290

കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ്- ബാങ്ക്					
സെൻട്രൽ ഫിനാൻസ് കമ്മീഷന്- പെർഫോമൻസ് ഗ്രാന്റ് (ട്രഷറി)	0	245923	245923	245923	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക്	460690	3205921	3666611	2633431	1033180

(*) 99242 രൂപ സുലേഖ ചെലവു പത്രിക പ്രകാരം വ്യത്യാസം ഉണ്ട്. കേരളോത്സവം പ്രോജക്ട് റിവിഷൻ ഡി.പി.സി അപ്രൂവലിന് ശേഷം വെറ്റിംഗ് ലഭിക്കാത്തതിനാൽ സുലേഖയിൽ ഈ തുക ചെലവ് വന്നിട്ടില്ല.

കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ICDS കേന്ദ്രവിഹിതം	3868156	2062033	5930189	1078127	4852062
സ്വച്ഛ് ഭാരത് അഭിയാൻ	0	384000	384000	384000	0

തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	4538	1641265	1645803	1,381,811 +(37 ബാങ്ക് ചാർജ്ജ്)	263955
എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	41854113	41854113	41854113	0
ആകെ	4538	43495378	43499916	43235961	263955

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈഫ് മിഷന് (Rural Housing For All)	3600000	4630000	8230000	5200000	3030000

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സമ്പൂർണ്ണ ശുചിത്വം	173601	0	173601	0	173601
ശുചിത്വമിഷൻ	0	504000	504000	504000	0
ജലനിധി	445612	27373	472985	14980	458005
ലൈബ്രറി ഗ്രാന്റ്	12720	0	12720	0	12720

Health Grant (Diagnostic Infrastructure To PHCs)	887289	390562	1277851	551292	726559
Health Grant (Towards Conversion Of PHCs & Subcentres Into Health & Wellness Centres)	369936	598042	967978	331445	636533

ഹെൽത്ത് ഗ്രാന്റ് ഇനത്തിലുള്ള യഥാർത്ഥ നീക്കിയിരുപ്പ് (B17) ആണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. B4 ഷെഡ്യൂൾ പ്രകാരം തുക വ്യത്യാസമുണ്ട് . ചെലവ് തുകകൾ ഹെഡ് മാറി ജേർണൽ എൻട്രി വരുത്തിയതിനാലാണ് ഈ വ്യത്യാസം ഉണ്ടായതെന്നും കെ-സ്മാർട്ടിൽ മുന്നിരിപ്പ് രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുള്ള ക്രമീകരണം വരുന്ന മുറക്ക് ഇത് ശരിയാക്കുന്നതാണ് എന്നും ഓഡിറ്റ് അന്വേഷണത്തിന് (നം 8/25.05.25) ലഭിച്ച മറുപടിയിൽ അറിയിച്ചു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതികളുടെ %
216	242167314	142	86918835	66

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടു	നടപ്പാക്കിയ പ്രൊജക്ടു	അടങ്കൽ	ചെലവ്	ചെലവ് ശതമാനം

	കളുടെ എണ്ണം	കളുടെ എണ്ണം			
കൃഷി ഓഫീസർ	6	6	14254417	8625534	61
വെറ്റിനറി സർജൻ	3	1	175000	49923	29
മെഡിക്കൽ ഓഫീസർ (PHC)	14	2	5493582	3774401	69
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	2	2	810000	810000	100
ICDS സൂപ്പർവൈസർ	11	10	9050677	4817405	54
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	56	29	13155328	8679912	66
ഹെഡ്മാസ്റ്റർ (GLPS)	11	10	2768120	2518800	91
VEO	10	10	68397179	19177522	28
VEO 2	11	10	79631770	11131770	54
അസിസ്റ്റന്റ് എഞ്ചിനീയർ	81	56	44194521	25223734	57
ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	2003896	1040190	52
ഫിഷറീസ് സബ് ഇൻസ്പെക്ടർ	2	0	91934	0	0

അസിസ്റ്റന്റ് സെക്രട്ടറി	5	2	2140890	1069644	50
ആകെ	216	142	242167314	86918835	36

പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	4538	1641265	1645803	1,381,811 +(37 ബാങ്ക് ചാർജ്ജ്)	263955
എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	41854113	41854113	41854113	0
ആകെ	4538	43495378	43499916	43235961	263955

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം

കർഷകതൊഴിലാളി പെൻഷൻ	12951600	754
വിധവാപെൻഷൻ	16395400	1087
വാർദ്ധക്യകാലപെൻഷൻ	27830100	1998
വികലാംഗ പെൻഷൻ	4377400	287
അവിവാഹിത പെൻഷൻ	1740600	111
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	60000	2

1-8 ക്യാഷ് പരിശോധന

പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/08/25 തീയ്യതിയിൽ 03.30 Pm മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ₹14750/- രൂപ (പതിനാലായിരത്തി എഴുന്നൂറ്റി അൻപത് രൂപ) വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. 01.04.25 മുതൽ ഗ്രാമപഞ്ചായത്തിൽ K-SMART സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായും K-SMART സംവിധാനത്തിലൂടെയാണ് വരവ് -ചെലവ് വിവരങ്ങൾ അക്കൌണ്ട് ചെയ്യപ്പെടുന്നത്. എന്നാൽ K-SMART ലേക്ക് മാറിയതുമുതൽ വരവ് ചെലവ് വിവരങ്ങൾ റീകൺസിൽ ചെയ്യപ്പെടുന്നില്ല. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകളിൽ വേണ്ടത്ര ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

9.7.2007 മുതൽ 21.7.2007വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-1998 മുതൽ 2006-07 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. തുടർനടപടി രജിസ്റ്റർ പ്രകാരം എല്ലാ ഖണ്ഡികകളും തീർപ്പാക്കിയതായി കാണുന്നു.

28.02.2023 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 01.10.22 മുതൽ 31.12.22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല.

1-11 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ നിന്നും ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു .

1. തൊഴിൽ നികുതി - ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് ഓരോ സാമ്പത്തിക വർഷവും കാലികമാക്കേണ്ടതുമാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്,

വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

2. പൊതു വിതരണ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് പരിധിയിലെ റേഷൻ കട നടത്തിപ്പുകാർ ജീവനക്കാർ, കള്ള് ഷാപ്പ് ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മുൻ വർഷങ്ങളിൽ കള്ള് ഷാപ്പ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും തൻ വർഷം ഈടാക്കിയതായി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും തോഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2024-25 വർഷത്തെ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . ഏതാനും കരാറുകാരുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരന്റെ പേര് (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയത്)
1	സുജിത് എൻ
2	വസന്ത് സി
3	ജയനാരായണൻ സി
4	പ്രസാദ് സി

5	അരുൺ കുമാർ സി
6	ഗണേശൻ വി
7	സേതുമാധവൻ എൻ
8	ശശീന്ദ്രൻ എസ്
9	ശ്രീജിത്ത് എസ്

മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (05/23.08.2025) മറുപടിയായി ഈടാക്കാനുള്ള തൊഴിൽ നികുതി എല്ലാം ഈടാക്കി വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസും തയാറാക്കി വിവരം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും തോഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി അപാകതകൾ

1. വസ്തുനികുതി കുടിശ്ശിക

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 420772/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ഇനം	തൻവർഷ കുടിശ്ശിക	മുൻവർഷങ്ങളിലെ കുടിശ്ശിക	
ഗാർഹികം	1202	12034	13236
ഗാർഹികേതരം	44722	362814	407536
ആകെ	45924	374848	420772

2. മൊബൈൽ ടെലഫോൺ ടവർ-വസ്തു നികുതി

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ കുടിശ്ശികയുള്ളതായി കാണുന്നു. 2024-25 കാലയളവ് വരെ ആകെ വസ്തു നികുതി കുടിശ്ശിക ₹ 1,48,361/- രൂപ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	മൊബൈൽ ടവർ (സഞ്ചയയിൽ ലഭ്യമായ വിവരം)	കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ)	സഞ്ചയയിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി	നിലവിലുള്ള നികുതി കുടിശ്ശിക (2024-25 വരെ)
1	2/164	മണികണ്ഠൻ	12	₹ 4863	₹ 31482
2	7/283	റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്	15	₹ 5211	₹ 55397
3	11/330	റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്	12	₹ 5557	₹ 61482
ആകെ					₹ 1,48,361

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (07/23.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തരനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-13-1 കൃാറിക്ക് ലൈസൻസ് അനുവദിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ നിന്നും പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ദീപം ഗ്രാനൈറ്റ്സ് എന്ന കൃാറിക്ക് 2024-25 ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നുണ്ട്. ടി ലൈസൻസുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

1. ജിജി ലാനിത്തോട് എന്ന വ്യക്തി വിവരാവകാശ നിയമപ്രകാരം കൃാറിയുടെ രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട് (ഫയൽ നം A1/2857 – കരിങ്കൽ കൃാറിയിലെ മരണം സംബന്ധിച്ചു). ടി രേഖകൾ

ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

2. 2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.
ടി സ്ഥാപനം സി എസ് ആർ (Corporate Social Responsibility) പ്രവർത്തനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (18/29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM: F.No.22-65/2017-IA.III Dated 1.05.2018, OM: F.No.22-65/2017-IA.III Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി SEIAA- State Environmental Impact Assessment Authority – 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" (Brown Field) വിഭാഗത്തിൽ പെടുന്ന പ്രൊജക്ടുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്കാർ സ്ഥാപനം) പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം (CSR) പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശ്ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) കമ്പാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

(2) കമ്പാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(3) സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

(4) സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

• കാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മോണിറ്ററിംങ് സംവിധാനം കൊണ്ടുവരേണ്ടതാണ്.

• ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്.

• പ്രകൃതി വിഭവങ്ങൾ ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്ന ഈ പ്രദേശങ്ങളിൽ മേൽ പരാമർശിച്ച തരത്തിൽ ഫണ്ട് വിനിയോഗിക്കേണ്ടതും, വിനിയോഗിച്ചിട്ടില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

• നടപ്പിലാക്കുന്ന പദ്ധതികൾ പ്രകൃതി വിഭവങ്ങളെ പരിപോഷിക്കുന്നതിനോടപ്പം, സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സഹായിക്കുന്നതും പൊതുവായ വികസനത്തിന് അധിഷ്ഠതവുമായിരിക്കണം. ഉദാ. നദീ നവീകരണം, മഴവെള്ള സംഭരണികളുടെ നിർമ്മാണം തുടങ്ങിയവ.

• സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് ആയത് പരിഗണിക്കാവുന്നതാണ്.
ഇത്തരത്തിൽ തദ്ദേശ പരിധിയിൽ പ്രകൃതി ചൂഷണം (ഖനനം മുതലയാവ) നടത്തുന്ന വൻകിട സ്ഥാപനങ്ങളിൽ നിന്നും Environment/Clearance സർട്ടിഫിക്കറ്റിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന വിവരം മോണിറ്ററിംഗ് ചെയ്യേണ്ടതാണ്.

1-13 ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ

തൻ വർഷത്തെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2024-25 വർഷത്തിൽ 184 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 210 സ്ഥാപനങ്ങൾ ആണ് പ്രവർത്തിക്കുന്നത്. സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 16 വാർഡുകളിലായി 681 കെട്ടിടങ്ങളാണ് നിലവിലുള്ളത്.
ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടുന്നില്ല.

2. അപേക്ഷകളുടെ കൃത്യത പരിശോധിക്കുന്നില്ല.

2024-25 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

- മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താതെയാണ് ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയിട്ടുള്ളത്.

3. പഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻ കടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.
മേൽ വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (19/29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ട് വന്ന്, അപാകതകൾ മുഴുവൻ പരിഹരിച്ചു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 കെ-സ്മാർട്ട് സോഫ്റ്റ് വെയർ -അപാകങ്ങൾ

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തീയതിയിലെ സ.ഉ (കൈ) നം.66/2025/L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ 11.04.2025 തീയതി മുതൽ കെ.സ്മാർട്ട് സോഫ്റ്റ് വെയർ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ നാളിതുവരെയുള്ള പണമിടപാടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.
1.2025 ഏപ്രിൽ മുതൽ ബാങ്ക് അക്കൗണ്ടുകളുടെ റീ കൺസിലേഷൻ നടത്തിയിട്ടില്ല.
2.ഓരോ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കിലെയും മുന്നിരിപ്പ്, ദൈനംദിന നീക്കിയിരിപ്പ്, ദൈനംദിന നീക്കിയിരുപ്പുകൾ കൂട്ടിചേർത്തിട്ടുള്ള പ്രതിമാസ നീക്കിയിരുപ്പുകൾ മുതലായവ ലഭ്യമല്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.06/23.08.2025) മറുപടിയായി സോഫ്ട്വെയറിൽ റീ കൺസിലേഷൻ മൊഡ്യൂൾ ലഭ്യമാകാത്തത് കൊണ്ടാണ് റീ കൺസിലേഷൻ പത്രികകൾ സമർപ്പിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.
മേൽ പറഞ്ഞിട്ടുള്ള അപാകങ്ങൾ ഐ.കെ.എം -ന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വിവിധ പദ്ധതികൾക്കായി ആരംഭിച്ചെങ്കിലും നിലവിൽ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി ശേഷിക്കുന്നുണ്ട്.

ക്രമ നം.	ബാങ്ക്	അക്കൗണ്ട് നം.
1	കോപ്പറേറ്റീവ് ബാങ്ക്	1532
2	ഇന്ത്യൻ ബാങ്ക്	7163246585
3	കാനറ ബാങ്ക്	6010201000010

പ്രസ്തുത വിഷയത്തിന് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (06/23.08.2025) മറുപടിയായി ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള കത്ത് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16 അതിദാരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ - ആധാരത്തിലെ വിലയിൽ അധികരിച്ച് 25000/-രൂപ അധികം നൽകി-

പ്രൊജക്ട് നം	206/2024-25
പ്രൊജക്ടിന്റെ പേര്	അതിദരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ(ജനറൽ)
അടങ്കൽ	825000/- (വികസന ഫണ്ട്- 20000, തനത് ഫണ്ട്-30000, ബ്ലോക്ക് വിഹിതം - 150000, ജില്ല- വിഹിതം - 625000)
ചെലവ്	582895/- (തനത് ഫണ്ട്-7895, ബ്ലോക്ക് വിഹിതം - 150000, ജില്ല വിഹിതം - 425000)
ബിൽ നം	(1)20/24-25തീയതി 24.03.2025=150000/-

	(2)23/24-25 തീയതി 24.03.25= 425000/- (3)ചെക്കും.PSCBതീയതി25.03.2025=7895/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി ഇ ഒ

അതിദരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ എന്ന പദ്ധയിൽ ഉൾപ്പെട്ട ജ്യോതി നാരായണൻ എന്ന ഗുണഭോക്താവിന് 3 സെന്റ് സ്ഥലം വാങ്ങുന്നതിലേക്ക് , സ്ഥലമുടമ കെ വി രാധാകൃഷ്ണൻ എന്ന വ്യക്തിക്ക് 225000/- നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഭൂവുടമ ശ്രീ.കെ.വി.രാധാകൃഷ്ണന്റെ 18.03.25 തീയതിയിലെ സമ്മതപത്ര പ്രാകരം 3 സെന്റ് ഭൂമി 200000/- രൂപയ്ക്ക് ഗുണഭോക്താവായ ശ്രീമതി.ജ്യോതി നാരായണന് (എസ് സി വിഭാഗം) വില്പന നടത്താൻ സമ്മതമാണെന്ന് വി.ഇ.ഒ യെ അറിയിച്ചിട്ടുണ്ട്. എന്നാൽ സമ്മതപത്രത്തിലെ തുകക്കു വിരുദ്ധമായി, 2,25,000/- രൂപയാണ് 3 സെന്റ് ഭൂമി വാങ്ങിയ വകയിൽ നിർവഹണോദ്യോഗസ്ഥൻ ഭൂവുടമയ്ക്ക് മേൽ ബിൽ നം.23/24-25 തീയതി 24.03.25 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും നല്കിയിരിക്കുന്നത്.

2. പ്രസ്തുത സ്ഥലം രജിസ്റ്റർ ചെയ്ത ആധാരത്തിൽ(നം.673/I/2025/22.03.25, സബ് രജിസ്ട്രാർ ഓഫീസ്, കൊല്ലങ്കോട്, ബ്ലോക്ക് നം.4, റീസർവ്വെ നം.460/11.) 3 സെന്റ് ഭൂമി 200000/-രൂപയ്ക്കാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 25000/- രൂപ അധികം നല്കിയിരിക്കുന്നു

3. പല്ലശ്ശന വില്ലേജ് ഓഫീസറുടെ 154/2025 തീയതി 19.03.2025 പ്രകാരം പുറപ്പെടുവിച്ച സാക്ഷ്യപത്ര പ്രകാരം, ഗുണഭോക്താവിന്റെ മാതാവിന്റെയും, രണ്ട് സഹോദരരുടെയും കൂട്ടായ കൈവശത്തിൽ പല്ലശ്ശന വില്ലേജ് പരിധിയിൽ ബ്ലോക്ക് നം.4 സർവ്വെ നം.581/8 ൽ 3 സെന്റ് സ്ഥലം, പിതാവിന്റെ മരണ ശേഷം കൈവശം വച്ച് വരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അപ്രകാരം ഭൂരഹിതയല്ല എന്ന് കാണുന്നു. ലൈഫ് മാർഗ്ഗരേഖ പ്രകാരം പാരമ്പര്യമായി ഭൂമി കിട്ടാൻ സാധ്യതയില്ല എന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

ആയത് ശ്രദ്ധയിപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് 09/25.08.2025നമ്പറായി ഓഡിറ്റ് അന്വേഷണം നൽകി. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി , ഗുണഭോക്താവായ ജ്യോതി നാരായണൻ ലൈഫ് ഭൂരഹിത, ഭവനരഹിത (ഇപിഇപി) അതിദരിദ്ര കുടുംബമാണെന്നും , സ്ഥലം വാങ്ങുന്നതിനുള്ള കരാർ ഉടമ്പടിക്ക് പേപ്പറുകൾ ഹാജരാക്കുമ്പോൾ എസ് സി വിഭാഗത്തിൽ പെട്ട കുടുംബമാണെന്ന രേഖ

ഹാജരാക്കിയിരുന്നില്ല എന്നും, രേഖ ഹാജരാക്കാത്തത്തിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ജനറൽ പ്രോജക്ടായി വച്ചിരുന്ന അതിദരിദ്ര കുടുംബത്തിന് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുകയും, രജിസ്ട്രാർ ഓഫീസ് നൽകിയ സാക്ഷ്യപത്രത്തിൽ ഭൂമിയുടെ വില 2,00,000/- രൂപ ആയതു കൊണ്ടാണ് ആധാരത്തിൽ തുക 2,00,000/- രൂപയായി കാണുന്നത് എന്നും അറിയിച്ചിരിക്കുന്നു. എഗ്രിമെഴന്റ് കഴിഞ്ഞതിനു ശേഷം രജിസ്ട്രേഷൻ ഓഫീസിൽ നിന്നും ലഭിക്കുന്ന, സാക്ഷ്യ പത്രവും ഗുണഭോക്താവ് എസ് സി വിഭാഗത്തിൽ വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബമാണെന്നും, തീരെ നിവർത്തിയില്ലാത്ത നിർധന കുടുംബമാണെന്നും, ഗുണഭോക്താവ് ഭൂമി വാങ്ങിയത് 2,25,000/- രൂപക്കാണ് ഭൂമി വാങ്ങിയത് എന്നും, അത് ലഭിക്കാൻ എസ് സി വിഭാഗത്തിൽപ്പെട്ട കുടുംബമാണെന്ന് തെളിയിക്കാൻ മകളുടെ എസ് എസ് എൽ സി ബുക്കിന്റെ പകർപ്പും, സ്ഥലം വാങ്ങിയത് 2,25,000/- രൂപക്കാണെന്നും, തനിക്ക് ആനുകൂല്യം കിട്ടേണ്ട തുകയായ 2,25,000/- രൂപ സ്ഥലമുടമക്ക് കൈമാറണമെന്നും അഭ്യർത്ഥിച്ചതായും, അതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് ഭൂമി നൽകിയ ഭൂവുടമക്ക് 2,25,000/- രൂപ കൈമാറിയത് എന്നും അറിയിച്ചിരിക്കുന്നു.

ഗുണഭോക്താവ്, ജ്യോതി നാരായണൻ, വി ഇ ഓ ക്ക് നൽകിയ കത്ത് , വി ഇ ഒ മറുപടിയോടോപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയത് പ്രകാരം, താൻ ലൈഫ് ഭുരഹിത ലിസ്റ്റിൽ പെട്ട വ്യക്തിയാണെന്നും, വി ഇ ഒ സ്ഥലം വാങ്ങുന്നതിനു തന്നെ വിളിച്ചപ്പോൾ തുക 2,00,000/- ആണെന്ന് അറിയിച്ചതായും, ആയതിനുള്ള ഭൂമി കണ്ടെത്തിയാൽ മതി എന്ന് പറഞ്ഞു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ഥലം കണ്ടെത്തി വന്നപ്പോൾ 3 സെന്റിന് 2,25,000ആയി. എഗ്രിമെന്റിനുള്ള പേപ്പറിൽ 2,00,000 രൂപയെ കാണിച്ചിട്ടുള്ളു. എഗ്രിമെന്റിനു ശേഷമാണ് എസ് സി വിഭാഗക്കാഗക്കാർക്ക് 2,25,000/- രൂപക്ക് അർഹതയുള്ളതായി ആറിഞ്ഞത് എന്നും തീരെ നിവർത്തിയില്ലാത്ത നിർധന കുടുംബമാണ് തങ്ങളുടെ എന്നും ആയതിനാൽ 2,25,000/- അനുവദിച്ച് തരണമെന്നും 22.03.2025 (22/13/2025) കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ലൈഫ് നിയമാവലി പ്രകാരം എസ് സി വിഭാഗത്തിന് 3 സെന്റ് ഭൂമിക്ക് പരമാവധി 2,25,000/- അർഹതയുണ്ട്. ആയതിന് ഗുണഭോക്താവ് വഴി സൗകര്യമുള്ള 3 സെന്റ് ഭൂമി കണ്ടെത്തി നൽകണം. എസ് സി വിഭാഗക്കാർക്ക് ഭൂമി വാങ്ങാൻ പരമാവധി നൽകാവുന്ന തുകയാണ് മേൽ സൂചിപ്പിച്ച 2,25,000/- രൂപ. കുറഞ്ഞ വിലക്കുള്ള ഭൂമിയാണെങ്കിൽ പ്രസ്തുത തുകയാണ് പരിധി. ഇവിടെ മേൽ സൂചിപ്പിച്ച പ്രകാരം 3 സെന്റ് ഭൂമി 2,00,000/- രൂപക്ക് നൽകാൻ തയ്യാറാണെന്ന ഭൂവുടമയുടെ (18.03.2025)സമ്മപത്രം, 25.03.2025 തീയതിയിൽ 2,00,000/- ലഭിച്ചതായുള്ള ഭൂവുടമയുടെ കൈപ്പറ്റ് രസീതി, 200000/- രൂപക്ക് ഭൂമി

ലഭിച്ചതായും, പ്രസ്തുത തുക കൈമാറാൻ വി ഇ ഒ യോട് ഗുണഭോക്താവ് അപേക്ഷിക്കുന്ന 18.03.2025 തീയതിയിലെ കത്ത്, മേൽ സൂചിപ്പിച്ച നമ്പർ പ്രകാരം ആധാരം രജിസ്റ്റർ ചെയ്തത് 2,00,000/- രൂപക്ക് എന്നീ വസ്തുത പരിഗണിച്ചും, പരമാവധി തുകക്കുള്ളിലുള്ള ഭൂമി കണ്ടുപിടിച്ച് നൽകിയതിനു ശേഷം, ഗുണഭോക്താവ് ഭൂവുടമക്ക് തനിക്ക് അർഹതപ്പെട്ട പരമാവധി ആനുകൂല്യം 2,25,000/- രൂപ അനുവദിക്കണം എന്ന് ആവശ്യപ്പെടുന്നത് യുക്തിയല്ലാത്തിനാലും, അധികമായി അനുവദിച്ച പ്രസ്തുത തുക 25000/-സാമ്പത്തിക ദുർവ്യയം ആണെന്ന് കണക്കാക്കുന്നു. ആയതിനാൽ അധികം അനുവധിച്ച 25,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. (ഖണ്ഡിക 3-1 കാണുക)

1-17 ലൈഫ് ഭവന പദ്ധതി -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

16.11.2013 ലെ സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അല്ലാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ളതും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ക്രമ നം.	ലൈഫ് ഐഡി നമ്പർ	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ തിയ്യതി	ആകെ കൈപ്പറ്റിയ തുക	ഇനി കൈപ്പറ്റാനുള്ളത്
1	1062263	യശോദ	13.03.2024	360000	40000
2	1062939	സുധ	13.03.2024	360000	40000
3	1062937	ചെല്ലമ്മാൾ	13.03.2024	360000	40000
4	1063149	ഉഷ	13.03.2024	360000	40000
5	1076493	സുരേഷ്	13.03.2024	360000	40000

6	-	സിന W/O സുരേഷ് ബാബു	12.09.2023	360000	40000
7	1021758	ശോഭ W/O മുരളി	12.09.2023	360000	40000
8	1032554	രാധ	09.11.2023	360000	40000
9	ലഭ്യമല്ല	സജിത D/O കൃഷ്ണൻ	15.11,2022	360000	40000
10	ലഭ്യമല്ല	സജിത , W/O രതീഷ്	18.11.2023	360000	40000
11	ലഭ്യമല്ല	പ്രസന്ന	28.01.2023	300000	100000
12	979336	ഗീത	20.02.2023	360000	40000
13	979348	ഉഷ	20.02.2023	360000	40000
14	979340	നിർമ്മല	20.02.2023	90000	310000
15	979339	ഇന്ദിര	20.02.2023	100000	300000
16	979343	ശ്രീലത	20.02.2023	360000	40000
17	979344	രാധ	20.02.2023	360000	40000
18	979337	ശാന്തകുമാരി	20.02.2023	360000	40000
19	979342	ബിനിത	03.03.2023	360000	40000
20	979341	ശ്യാമള	03.03.2023	360000	40000
21	979345	രജനി	03.03.2023	360000	40000
22	1021331	അംബിക	03.03.2023	360000	40000
23	979328	രജിത	14.03.2023	360000	40000
24	979347	സിന്ധു	14.03.2023	360000	40000
25	1006316	ഓമന	15.05.2023	140000	260000

26	1006313	സജിത	15.05.2023	140000	260000
27	1006312	പാർവ്വതി	15.05.2023	360000	40000
28	1014522	പ്രീയ	24.06.2023	360000	40000
29	1002243	തത്ത	15.05.2023	360000	40000
30	1006311	സുജിത	15.05.2023	360000	40000
31	1006304	സരളദേവി	24.06.2023	360000	40000
32	1051172	രജിത	27.10.2023	360000	40000
33	720622	ദേവു	05.12.2023	360000	40000

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(21/30.08.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച എല്ലാ ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 അജൈവമാലിന്യ സംസ്കരണം-എസ് എസ് സിംഗ് ബിന്നുകൾ വാങ്ങി വിതരണം ചെയ്യൽ പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം.	139/25-അജൈവമാലിന്യ സംസ്കരണം (Spill Over)	46/25 – അജൈവമാലിന്യ സംസ്കരണം
അടങ്കൽ	1500000/- (ധനകാര്യ കമ്മിഷൻ അവാർഡ്)	500000/- (ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ്	1500000/- (ധനകാര്യ കമ്മിഷൻ അവാർഡ്) വൗച്ചർ നം. XVFC/2024-25/P/50, തീയതി. 10-03-2025	499333/- (ധനകാര്യ കമ്മിഷൻ അവാർഡ്) വൗച്ചർ നം. XVFC/2024-25/P/51 , തീയതി. 10-03-2025
സപ്ലൈയർ	കൽപക പ്രോഡക്ട്സ് , എറണാകുളം, Invoice No.26 08.03.2025, Rs 1999333/- (721 എണ്ണം)	-

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള ആളുകൾക്ക് ടെണ്ടർ വഴി തെരഞ്ഞെടുക്കുന്ന ഏജൻസി മുഖാന്തിരം അജൈവ മാലിന്യം ശേഖരണ ഉപാധി, എന്ന നിലയിൽ എസ് എസ് സ്വിംഗ് ബിന്നുകൾ വാങ്ങി നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. പദ്ധതി പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച്, കൽപക പ്രോഡക്ട്സ്, എറണാകുളം, എന്ന സ്ഥാപനത്തെ സപ്ലയർ ആയി തിരഞ്ഞെടുത്ത് മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലുമായി 2773/- രൂപയുടെ 721 എസ് എസ് സ്വിംഗ് ബിന്നുകൾ 1999333/- രൂപ ചെലവഴിച്ച് വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട് . വിതരണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കൈപ്പറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ആകെ ലഭിച്ച 721 ബിന്നുകളിൽ 405 എണ്ണം മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളു . മുഴുവൻ ബിന്നുകളും വിതരണം ചെയ്ത് പദ്ധതി ലക്ഷ്യം നേടാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/30.08.2025) മറുപടിയായി, 316 ബിന്നുകൾ വിതരണം ചെയ്യാൻ ബാക്കി ഉണ്ടെന്നും, ആയത് ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണെന്നും, വിതരണ രജിസ്റ്റർ പരിപാലിക്കാത്തത് ജോലി ഭാരം മൂലമാണെന്നും മറുപടിയായി അറിയിച്ചിരിക്കുന്നു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 316 ബിന്നുകളുടെ തുക 316X2773= 876268/- രൂപ വിതരണം പൂർത്തിയാകുന്നതു വരെ തടസ്സത്തിൽ വക്കുന്നു.

1-19 വി.ഇ.ഒ നിർവഹണം നടത്തിയ സോക്ക്പിറ്റോടുകൂടി സെപ്റ്റിക്ക് ടാങ്ക് - പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ നം, പേര്	SO138/25, **സോക്ക്പിറ്റോടുകൂടി സെപ്റ്റിക് ടാങ്ക്**	SO143/25, **സോക്ക്പിറ്റോടുകൂടി സെപ്റ്റിക് ടാങ്ക്**
അടങ്കൽ (ഫണ്ട്)	200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്	60000 (20000*3)	80000 (20000*4)
ബിൽ നം./വൗച്ചർ നം/ തിയതി - തുക	435/22.03.2025, 60000/-	**വൗച്ചർ** (1)നം.Xvfc/2024-25-P/74-25.03.2025 =40,000/-, (2)നം.Xvfc/2024-25-P/84-25.03.2025 =40,000/- **(ആകെ തുക – 40000+40000 = 80,000/-)**
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ	

400000/-രൂപ സി.എഫ്.സി-അടങ്കലിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തൻവർഷത്തിൽ രണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. രണ്ട് പദ്ധതികളിലുമായി 20 ഗുണഭോക്താക്കൾക്ക് 20000/-രൂപ വിലയുള്ള സോക്ക്പിറ്റോടുകൂടി സെപ്റ്റിക്ക് ടാങ്ക് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയറുടെ വാലേഷന്റെ അടിസ്ഥാനത്തിൽ ധനസഹായം നല്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 47 ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷം അവസാനിച്ചിട്ടും ആകെ 13 ഗുണഭോക്താക്കൾ (2024-25 വർഷത്തിൽ 7 പേർ) മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. സമയബന്ധിതമായി സ്വിൽ ഓവർ പദ്ധതികൾ പൂർത്തിരിച്ചിട്ടില്ലാത്തതിനുള്ള കാരണം വിശദീകരിക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-20 കാർഷിക കർമ്മസേനയ്ക്കായി പാഡി ഡ്രയർ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവഹണം-കൃഷി ഓഫീസർ
പദ്ധതി-195/25-കാർഷിക യന്ത്രങ്ങൾ- വനിത ഗ്രൂപ്പുകൾക്ക്
അടങ്കൽ (തൻവർഷം)-1283940(പ്ലാൻ ജനറൽ)
ചെലവ്-1283940
ബിൽ നം.24/24-25തീയതി 06.03.25=1283940
ചെക്ക് നം.PSCB2680/25.03.24=48059(തനത് ഫണ്ട്)
ചെക്ക് നം. PSCB2679/25.03.24=148000(ഗു.വി)

ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനയ്ക്ക് 90% സബ്സിഡിയോടുകൂടി പാഡി ഡ്രയർ (പാഡി ഡ്രയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കൺവെയർ ബെൽറ്റ്, വിന്നോവർ ഉൾപ്പെടെ) വാങ്ങി നല്കുന്നത് വഴി തൊഴിലും മികച്ച വരുമാനം പ്രദാനം ചെയ്യുന്നതിനും കാർഷിക മേഖലയിലുള്ള മുന്നേറ്റവും പദ്ധതി വിഭാവനം ചെയ്യുന്നു. ഗ്രാമപഞ്ചായത്തിലെ 32 പാടശേഖര സമിതികളിലെ 1200 ഹെക്ടർ നെൽകൃഷി ചെയ്യുന്ന കർഷകരുടെ ഉപയോഗത്തിനായാണ് ഉപകരണം വാങ്ങി നല്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 25.01.24ലെ നം.01/KO/22-24 ദർഘാസ് പരസ്യ പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ആയതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ (1479999 രൂപ) ടെണ്ടർ ഭരണസമിതിയുടെ 12-02-24 ലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. റെയ്ഡ്കോയുടെ ഇൻവോയ്സ് നം. NMA/677/2023-2024 തി. 19-03-24 പ്രകാരം 10% ഗുണഭോക്തൃ വിഹിതമായ 148000 രൂപയും തനത് ഫണ്ടിൽ നിന്നും 48059 രൂപയും ഉൾപ്പെടെ 196059 രൂപ (Sanction Order No.417/22-03-24 – 148000, 478/24-03-24 – 48059) 2023-24 വർഷത്തിൽ റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ഏറ്റവും കുറവ് നിരക്ക് കാട്ട് ചെയ്ത RAIDCO, Nemmara യ്ക്ക് മേൽ സൂചിപ്പിച്ച പ്രകാരം പിൻവലിച്ച തുക ഉപയോഗിച്ച് 1479999/-രൂപയുടെ പാഡി ഡ്രയർവാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.677/23-24 തീയതി19.03.24). പ്രസ്തുത ഡ്രയർ കാർഷിക കർമ്മസേന (രജിസ്റ്റർ നം.CA/377/14), പല്ലശ്ശനയ്ക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ (എഗ്രിമെന്റ് തീയതി 04.03.24 നമ്പർ രേഖപ്പെടുത്തിയിട്ടില്ല) 28.04.24 ന് നല്കിയിട്ടുണ്ട്.

പാഡി ഡ്രയർ



പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 32 പാടശേഖര സമിതികളിലെ നെൽ കർഷകർക്കായി വാങ്ങിയ ഉപകരണം ട്രാൻസ്പോർട്ടേഷൻ സൗകര്യം ഇല്ലാത്തതിനാൽ മഠത്തിൽക്കളം പാടശേഖ സമിതിയിൽ ഉൾപ്പെട്ട ശ്രീ.സി.ജയപ്രകാശ്, പെരിഞ്ചിറ എന്ന കർഷകന്റെ ഉടമസ്ഥതയിലുള്ള കളത്തിലെ ഗ്രൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി 30.08.25 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

2. കൃഷി ഓഫീസറും കാർഷിക കർമ്മസേനയും തമ്മിൽ ചമച്ച എഗ്രിമെന്റ് വ്യവസ്ഥകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല-ഏതാനും ചില വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.
എ) മെഷിൻ ഉപയോഗിക്കുന്നതിനുള്ള ലോഗ് ബുക്ക്, വാടക ശേഖരിക്കുന്നതിനുള്ള രസീത്, വരവ് ചെലവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
ബി) മെഷീൻ കേടുപാടുകൾ സംഭവിക്കാത്ത രീതിയിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടില്ല.
സി) കാർഷിക കർമ്മസേനയ്ക്ക് നല്കിയിട്ടുള്ള യന്ത്രത്തിന്റെ മോണിറ്ററിംങ്ങും നടത്തിയിട്ടില്ല.
ഡി) കർഷകർക്ക് മെഷീൻ ദിവസ വാടകക്കോ ഒരു ചാക്കിനു നിശ്ചിത രൂപ എന്ന നിരക്കിലോ ഏതാണോ കുറവ് അതുപ്രകാരം നല്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3. കാർഷിക കർമ്മസേനയുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ (കാനറ ബാങ്ക്, പല്ലശ്ശന, അക്കൗണ്ട് നം.6010101000424) 25.03.2019ൽ 100000/-രൂപ പ്രവർത്തന ഫണ്ടായി നല്കിയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല. ടി തുക പലിശ ഉൾപ്പെടെ 114023/-രൂപ Unclaimed Deposit ആയി 21.06.25 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

4. കാർഷിക കർമ്മസേനയിലെ അംഗങ്ങൾക്ക് ഉപകരണത്തിന്റെ ഉപയോഗത്തെകുറിച്ച് യാതൊരു പരിശീലനവും നല്കിയിട്ടില്ല.

5. കാർഷിക കർമ്മസേനയ്ക്കായി നല്കിയ ഉപകരണം നിലവിൽ ഒരാൾ മാത്രം ഉപയോഗിക്കുന്നതായും മറ്റ് കർഷകർക്ക് പ്രസ്തുത ഉപകരണത്തിന്റെ ഉപയോഗം ലഭ്യമാകാത്തതായും ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ തന്നെ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.
മേൽ വിവരങ്ങൾ സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (23/30.08.25) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കാർഷിക കർമ്മസേനയിലെ അംഗങ്ങൾക്ക് ഉപകരണത്തിന്റെ ഉപയോഗത്തെകുറിച്ച് പരിശീലനം നല്കി, ഉപകരണത്തിന് ട്രാൻസ്പോർട്ടേഷൻ സൗകര്യം ഏർപ്പെടുത്തി ഗ്രാമപഞ്ചയത്തിലെ മുഴുവൻ കർഷകർക്കും യന്ത്രത്തിന്റെ ഉപയോഗം ഉറപ്പാക്കേണ്ടതാണ്. എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം യന്ത്രത്തിന്റെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ കാർഷിക കർമ്മസേനയ്ക്ക് നല്കുന്നതിനും നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ടി നിർദ്ദേശങ്ങൾ പാലിച്ച് വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-21 സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

പ്രോജക്ടിന്റെ നം, പേര്	SO193/25, മുറ്റത്തൊരു മീൻതോട്ടം ജനറൽ-സ്പിൽ ഓവർ	SO194/25, മുറ്റത്തൊരു മീൻതോട്ടം -എസ് സി-സ്പിൽ ഓവർ
അടങ്കൽ (ഫണ്ട്)	61977 (വികസന ഫണ്ട് - 13977, മറ്റുള്ളവ - 48000)	29957 (എസ് സി പി - 19977, മറ്റുള്ളവ- 10000)
ചെലവ്	0	0
നിർവ്വഹണോദ്യോഗസ്ഥൻ	സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	

മേൽ വിവരിച്ച പ്രകാരം പദ്ധതി രൂപീകരിച്ച്, സ്പിൽ‌ലോവർ പദ്ധതിയിൽ തൂക വകയിരുത്തിയിട്ടുണ്ടെങ്കിലും, പദ്ധതി നടപ്പാക്കി തുക ചെലവഴിച്ചിട്ടില്ല. ആയതിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (25/30.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-22 MGNREGS മെറ്റീരിയൽ പ്രവൃത്തികളിൽ മെറ്റീരിയൽ വിതരണക്കാരന്റെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

സി.ജി.എസ്.ടി ആക്ട്, 2017 ലെ സെക്ഷൻ 51(1), കെ.ജി.എസ്.ടി 2017 ലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള വാങ്ങലുകളുടെ കാര്യത്തിൽ 1% ജി.എസ്.ടി - ടി.ഡി.എസ് നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ആയതിന്റെ ബിൽ തുക 2024-25 വർഷത്തിലുമാണ് നല്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീ.വി.ഗണേഷ്, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ, പന്തപ്പുള്ളി, പല്ലശ്ശന എന്ന കരാറുകാരൻ വിവിധ പ്രവൃത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GST രേഖപ്പെടുത്താത്ത ബില്ലുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

കരാർ തീയതി - 17.11.2023

കരാറുകാരൻ - ശ്രീ.വി.ഗണേഷ്, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ

2023-24 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവൃത്തികൾ നിർവഹണം നടത്തുകയും ആയതിന്റെ ബിൽ തുക 2024-25 നല്കുകയും, ജി.എസ്.ടി ടി.ഡി.എസ് നടത്താതെ അനുവദിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ ബില്ലിന്റെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	FTO No	നൽകിയ തുക/	ഈടാക്കേണ്ട ടിഡിഎസ്(2%)

			തീയതി	
1	മാങ്കാവ് റോഡ് കോൺക്രീറ്റ്-വാർഡ് 1	16525/20.04.24	299405	5988
2	ഏരുകുളമ്പ് റോഡ് കോൺക്രീറ്റ്-വാർഡ് 4	16550/20.04.24	296337	5927
3	താമരപ്പാടം റോഡ് കോൺക്രീറ്റ്-വാർഡ് 5	16554/20.04.24	296537	5931
4	ഒല്ലൂർപ്പാടെ റോഡ് കോൺക്രീറ്റ്-വാർഡ് 6	16548/20.04.24	324522	6490
5	നെടുവിളിക്കളം റോഡ് കോൺക്രീറ്റ്-വാർഡ് 10	16522/20.04.24	322834	6457
6	മുതിരപ്പറമ്പ് റോഡ് കോൺക്രീറ്റ്-വാർഡ് 11	16526/20.04.24	278185	5564
7	പന്തിശ്ശേരി റോഡ്	16640/08.08.24	312153	6243

	കോൺക്രീറ്റ്-വാർഡ് 14			
8	കക്കാമട സൈഡ് പ്രൊട്ടക്ഷൻ-വാർഡ് 12	16544/16.08.24	325323	6506
9	പൂളപ്പറമ്പ് റോഡ് കോൺക്രീറ്റ്-വാർഡ് 3	16619/08.08.24	312605	6252
10	പാറക്കളം അങ്കൺവാടി റോഡ് കോൺക്രീറ്റ്-വാർഡ് 7	16505/20.04.24	324290	6486
11	തുമ്പിക്കോട് റോഡ് കോൺക്രീറ്റ് - വാർഡ് 7	16634/08.08.24	301097	6022
ആകെ				67866

2024-25 വർഷത്തിൽ വിതരണക്കാരന് അനുവദിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ മേൽ ബില്ലിൽ നിന്നും GST സോഫ്റ്റിൽ തന്നെ 2% കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, വർക്ക് ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകളിൽ മെറ്റീരിയലുകളുടെ ജി.എസ്.ടി ഉൾപ്പെടുത്താത്ത ബില്ലുകൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതിലേക്ക് നല്കിയ ഓഡിറ്റ് അന്വഷണത്തിന് (10/25.08.25) ലഭിച്ച മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുക ഈടാക്കി ഒടുക്കു വരുത്തിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 MGNREGS -അർദ്ധ വിദഗ്ദ തോഴിലാളികൾക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികരിച്ച് തുക നല്കി

MGNREGS മെറ്റീരിയൽ പ്രവൃത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ സെമി സ്കിൽഡ് തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ച് തുക നല്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

ക്രമ നം.	പ്രവൃത്തി	എം.ബുക്ക്	സെമിസ്കിൽഡ് വേജ് / എസ്റ്റിമേറ്റ് നിരക്ക്	എസ്റ്റിമേറ്റ് നം.	അനുവദിച്ച കൂലി	എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കേണ്ട കൂലി	അധികം	എഫ്.ടി.ഒ നമ്പരും തീയതിയും
1	ഒല്ലൂർപാടം റോഡ് കോൺക്രീറ്റ്	ആർ.സി/ 381197	30420	2023/11767	40*793= 31720	40*760.5 = 30420	1300	16548/ 20.04.24
2	മുതിരപറമ്പ് കോളനി റോഡ് കോൺക്രീറ്റ്	ആർ.സി/ 381193	29398	2023/21066	40*866= 34640	40*734.96 = 29398	5242	16526/ 20.04.24
3	പുത്തൻകാവ് റോഡ് കോൺക്രീറ്റ്	ആർ.സി/ 381187	24317	2023/11919	30*845= 25350	30*810.57 = 24317	1033	16520/ 20.04.24
4	തുമ്പിക്കോട് റോഡ് കോൺക്രീറ്റ്	ആർ.സി/ 382901	30361	2023/18692	55*850= 46750	55*552.03 = 30361	16389	16634/ 08.08.24
5	കാക്കാമട സൈഡ് പ്രൊട്ടക്ഷൻ	എ.വി/ 286743	105603	2023/133958	150*810= 121500	150*704.02 = 105603	15897	16544/ 16.08.24

6	താമരപ്പാടം റോഡ് കോൺക്രീറ്റ്	ആർ.സി. 381184	27787	2023/11891	35*828= 28980	35*793.93 = 27787	1193	16554/ 20.04.24
7	നെടുവിളിക്കളം റോഡ് കോൺക്രീറ്റ്	ആർ.സി/ 381192	30264	2023/20964	40*789= 31560	40*756.60 = 30264	1296	16522/ 20.04.24
8	ആലുമ്പാറ റോഡ് കോൺക്രീറ്റ്	ആർ.സി/ 381198	21937	2023/11770	30*763= 22890	30*731.25 = 21937	953	16547/ 20.04.24
9	പൂളപറമ്പ് റോഡ് കോൺക്രീറ്റ്	ആർ.സി/ 393351	31729	2023/172769	35*948= 33180	35*906.57 = 31729	1451	16619/ 08.08.24
10	ഏരുകുളമ്പ് റോഡ് കോൺക്രീറ്റ്	ആർ.സി/ 383623	27787	2023/20896	35*828= 28980	35*793.93 = 27787	1193	16550/ 20.04.24
11	താമരമുകിൽ റോഡ് കോൺക്രീറ്റ്	ആർ.സി/ 383781	21060	2023/21180	30*732= 21960	30*702 = 21060	900	16632/ 08.08.24
12	പന്തിശ്ശേരി റോഡ് കോൺക്രീറ്റ്	ആർ/സി 381195	29250	2023/20958	35*872= 30520	30*835.71 = 29250	1270	16640/ 08.08.24
13	പാറക്കളം അങ്കണവാടി റോഡ് കോൺക്രീറ്റ്	ആർ.സി/ 383621	30390		40*792= 31680	40*759.77 = 30390	1290	16505/ 20.04.24
14	മാങ്കാവ് റോഡ് കോൺക്രീറ്റ്	ആർ.സി/ 381182	28080	2023/11910	35*837= 29295	35*802.29 =	1215	16525/ 20.04.24

						28080		
15	തളൂർ അങ്കണവാടി റോഡ് കോൺക്രീറ്റ്	ആർ.സി/ 381194	22908	2023/11780	30*843= 25290	30*763.60 = 22908	2382	16543/ 20.04.24
ആകെ							53004	

വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/27.08.25) ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല.

ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് യഥാസമയം Unskilled, Skilled/Semiskilled എന്നിവയുടെ Musterroll എറ്റെടുക്കുകയും പ്രവൃത്തി ചെയ്തതിന്റെ അടിസ്ഥാനത്തിൽ Measurement പ്രകാരം ആണ് കൂലി അനുവദിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ അളവുപ്രകാരം ഒരു ദിവസം ഈ നിരക്ക് ആയിട്ടില്ലാത്തതിനാൽ Skilled/Semiskilled കൂലി Estimate പ്രകാരമുള്ള തുക അധികരിക്കാതെ പ്രവൃത്തി ചെയ്ത ദിവസത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി ചെയ്താണ് നല്കിയിട്ടുള്ളതെന്ന് സൂചിപ്പിച്ചിരിക്കുന്നു.

ഓഡിറ്റ് നിരീക്ഷണം

മേൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികൾക്കും Unskilled, Skilled/Semiskilled എന്നിവയ്ക്കായി ബ്ലോക്കിൽ നിന്നും വിവിധ എസ്റ്റിമേറ്റുകൾ പ്രകാരം നിരക്ക് നിശ്ചയിച്ച് നല്കിയിട്ടുണ്ട്. ആയത് പ്രകാരം Skilled പ്രവൃത്തികൾക്ക് നല്കേണ്ടുന്ന വേതനവും Semiskilled പ്രവൃത്തികൾക്ക് നല്കേണ്ടുന്ന വേതനവും തമ്മിൽ കൂട്ടി ആകെ തൊഴിൽ ദിനങ്ങൾ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന വേതനമാണ് Semiskilled തൊഴിലാളികൾക്ക് നല്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രവൃത്തികളിലെ Skilled പ്രവൃത്തികൾക്ക്, Skilled തൊഴിലാളികൾക്ക് നല്കേണ്ടുന്ന വേതനം നല്കാവുന്നതാണിരിക്കെ എല്ലാ Semiskilled തൊഴിലാളികൾക്കും Skilled തൊഴിലാളികൾക്ക് നല്കേണ്ടുന്ന വേതനം നല്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നല്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി MGNRES ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-2 കാണുക.

1-24 ജൽ ജീവൻ മിഷൻ-റെസ്റ്റോറേഷൻ ചെയ്ത റോഡ് പ്രവൃത്തികളുടെ ബിൽ തുക നാളിതുവരെ ലഭ്യമായിട്ടില്ല.

2021-22, 2022-23, 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ റോഡ് നവീകരണ പ്രവൃത്തികളിൽ ജൽ ജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ റെസ്റ്റോറേഷൻ പ്രവൃത്തികൾ മെയിന്റനനസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ചാണ് പൂർത്തീകരിച്ച് കരാറുകാരന് നല്കിയിട്ടുള്ളത് . റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തിയതിനുള്ള ആനുപാതിക തുക വാട്ടർ അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായുണ്ട്. 02.07.24 തീയതിയിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും, തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരും, ജല ജീവൻ മിഷൻ കരാറുകാരും നടത്തിയ യോഗത്തിലെ തീരുമാനം 1 പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിച്ച ഭാഗങ്ങളിലെ റോഡ് റെസ്റ്റോറേഷൻ ചെയ്ത ഭാഗങ്ങൾ കേരള വാട്ടർ അതോറിറ്റിയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും സംയുക്ത പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് നേരത്തെ റെസ്റ്റോറേഷൻ ചെയ്തിട്ടുള്ള റോഡുകളുടെ പൈപ്പ് ലൈൻ ചെയ്ത ഭാഗത്തെ റെസ്റ്റോറേഷൻ തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നതിന് വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിരുന്നു. നിലവിലെ നിർദ്ദേശ പ്രകാരം റോഡ് റെസ്റ്റോറേഷൻ തുക ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നല്കണം എന്നാണുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് നേരത്തെ ചെയ്തിട്ടുള്ള റെസ്റ്റോറേഷൻ പ്രവൃത്തികളുടെ ബിൽ തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ PFMS ൽ Upload ചെയ്യുവാനാണ് ഗ്രാമപഞ്ചായത്തുകൾ അഭിപ്രായപ്പെട്ടിരുന്നത്. ആയതിനാൽ താഴെ സൂചിപ്പിക്കുന്ന റെസ്റ്റോറേഷൻ പ്രവൃത്തികളുടെ തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് കൈമാറുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

<u>ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക</u>

ക്രമ നം.	പദ്ധതി	എഗ്രിമെന്റ്	വർഷം	ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട റെസ്റ്റോ

				റേഷൻ തുക
1	70/24-തല്ലുമന്ദം ചിറാക്കോട് കനാൽ ബണ്ട് റോഡ് നവീകരണം	37/23-24	2023-24	284391
2	66/24-കൊശക്കുഴി റോഡ് നവീകരണം		2023-24	182422
3	ഒഴിവുപാറ തെക്കുംപുറം റോഡ്	169/23-24	2023-24	121899
4	ആലിങ്കൽ മാങ്ങോട് റോഡ്	167/23-24	2023-24	350513
5	പല്ലാവൂർ ശിവാ ടെമ്പിൾ റോഡ്കളർക്കാട്	171/23-24	2023-24	219895
6	കളർക്കാട് മാരിക്കുളമ്പ് റോഡ്	58/23-24	2023-24	214953
7	തളൂർ റോഡ് റീടാറിംഗ്	67/23-24	2023-24	214244
8	മാടമ്പാറ റോഡ് പുനരുദ്ധാരണം	170/23-24	2023-24	151429
9	തെക്കേത്തറ റോഡ് നവീകരണം	147/23-24	2023-24	180363
10	അണികുറുത്തി കുളവരമ്പ് റോഡ്	158/23-24	2023-24	1460000
11	കാഞ്ഞിരപറമ്പ് കൌണ്ടർപ്പാടം റോഡ്	180/23-24	2022-23	201732

12	പാറക്കളം അമ്പലം റോഡ്	02/21-22	2022-23	245269
13	താമരപ്പാടം തെമ്പള്ളം റോഡ് നവീകരണം	60/22-23	2022-23	254914
14	നടുത്തറ കുടിവെള്ള ടാങ്ക് വരെയുള്ള റോഡ് റീടാറിംഗ്	143/22-23	2022-23	136415
15	പുത്തൻക്കാവ് റോഡ് നവീകരണം	138/22-23	2022-23	252089
16	ചെറുമണിക്കാട് റോഡ് റീടാറിംഗ്	155/22-23	2022-23	139606
17	അണ്ണാക്കോട് മുരുകുളി റോഡ്	130/22-23	2022-23	223746
18	തളൂർ വടുകത്തറ റോഡ് പുനരുദ്ധാരണം	144/22-23	2022-23	227358
19	പല്ലാവൂർകിഴക്കേഗ്രാമം മുതൽ തൃപ്പല്ലാവൂർ റോഡ് റീടാറിംഗ്	57/22-23	2022-23	197516
20	മലംപള്ള റോഡ് പുനരുദ്ധാരണം	48/22-23	2022-23	134210
21	വടശ്ശേരി ചേപ്പാടം റോഡ് നവീകരണം	182/22-23	2022-23	238178
22	പൂളപറമ്പ് മിൽ റോഡ് നവീകരണം	61/22-23	2022-23	171349
23	തോട്ടിൻകുളമ്പ് കൊശക്കുഴി റോഡ്	183/21-22	2022-23	180363

	നവീകരണം			

കരാറുകാരന് ലഭിക്കേണ്ട തുക

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചിട്ടുള്ള റോഡുകളുടെ റെസ്റ്റോറേഷൻ നടത്തി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള തുക സംസ്ഥാനാവിഷ്കൃത ഫണ്ടായും ബാക്കി നവീകരണ പ്രവർത്തനങ്ങൾക്കുള്ള തുക മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും സുലേഖ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് മെയിന്റെനൻസ് ഗ്രാന്റ് റോഡ് വിഹിതം കരാറുകാരന് നല്കിയിട്ടുള്ളതുമാണ്. റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തിയതിനുള്ള സംസ്ഥാനാവിഷ്കൃത ഫണ്ട് കരാറുകാരന് അനുവദിക്കേണ്ടതായുണ്ട്.
വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	പദ്ധതി	കരാറുകാരൻ	എഗ്രിമെന്റ്	ഇഎംബുക്ക്	റെസ്റ്റോറേഷൻ തുക
1	67/24-25-അണ്ണേക്കോട്-മുരുകുളി റോഡ് നവീകരണം	സി.ജയ നാരായണൻ	18/AE/PSN/24-25/ 20.01.2025	LSGD/CELSGD/EST/64398/ 2024_5_1_1/RE 1	145011
2	69/24-25-പടിഞ്ഞാറേ ഗ്രാമം റോഡ് നവീകരണം	സി.അരുൺകുമാർ	21/AE/PSN/24-25/ 20.01.2025	LSGD/CELSGD/EST/62853/ 2024_5_1_1/RE 1	238835
3	77/24-25-പുത്തൻകാവ്-	വി.ഗണേഷൻ	25/AE/PSN/24-25/	LSGD/CELSGD/EST/112688/ 2024_5_1_1/RE 1	513700

	ചെമ്മണംമട റോഡ് നവീകരണം		22.01.2025		
4	94/24-25-എരട്ടോട്-അണ്ണക്കോട് റോഡ് നവീകരണം	സി.ജയ നാരായണൻ	19/AE/PSN/24-25/ 20..01.2025	LSGD/CELSGD/EST/65308/ 2024_5_1_1/RE 1	237601
5	243/24-25-കിഴക്കുട്ടി കളം റോഡ് നവീകരണം	വി.ഗണേ ഷൻ	26/AE/PSN/24-25/ 22.01.2025	LSGD/CELSGD/EST/66708/ 2024_5_1_1/RE 1	310000
6	88/25-വെങ്കായ പാറ റോഡ് നവീകരണം				299092
7	239/25-കാടുവെട്ടി റോഡ് നവീകരണം	വസന്ത്.സി	27/AE/PSN/24-25/28.01.2025		132000

സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി)നം.897/2023/WRD/തീയതി 26.10.23, KWA-JB/164/2024-AE 20/08.01.2024, KWA-JB/6040/2024-ADBAI/30.08.2024 എന്നീ ഉത്തരവുകൾ പ്രകാരം ജൽ ജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളുടെ റെസ്റ്റോറേഷൻ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളുടെ ഭാഗങ്ങൾ റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുകയും ആയതിന്റെ ബില്ലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്റ്റ് ഡിവിഷൻ, മിനി സിവിൽ സ്റ്റേഷൻ, ചിറ്റൂരിലേക്ക് ബില്ലുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ച് തുക കാരാറുകാരന് നേരിട്ട് നല്കുന്നതാണെന്ന് 10.01.25ലെ KWA/PD/CTR/DB/612/2021/JJM/Elevanchery/Phase II എന്ന കത്തിലെ നിർദ്ദേശത്തെ തുടർന്ന്

ഗ്രാമപഞ്ചായത്ത് മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ ബില്ലുകൾ അയച്ച് നല്കിയിട്ടുണ്ട്. തുക കരാറുകാരന് നല്കിയതിന് രേഖകൾ ലഭ്യമായില്ല. ഫയൽ പരിശോധിച്ചതിൽ 2025-26 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിലും കരാറുകാരന് തുക നല്കാനുള്ളതായി കണ്ടു.
വാട്ടർ അതോറിറ്റി കരാറുകാരന് തുക നല്കേണ്ടതിലേക്ക് വകയിരുത്തേണ്ട തുക സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും കരാറുകാരനും തമ്മിൽ തൃികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റി കരാറുകാരന് തുക അനുവദിച്ചില്ലെങ്കിൽ പ്രവൃത്തിമൂല്യം അടിസ്ഥാനമാക്കിയുള്ള പൂർണ്ണ ബിൽ തുക നൽകേണ്ട നിയമപരമായ ബാധ്യത നിർവഹണ ഉദ്യോഗസ്ഥയ്ക്കുണ്ട് .

പ്രസ്തുത പ്രവൃത്തികളുടെ ബിൽ തുക മാറുന്നതിലേക്ക് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/26.08.25) മറുപടി ലഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും നിർവഹണോദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-25 റോഡുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കൽ പ്രവൃത്തി നടപ്പാക്കിയതിലെ അപാകങ്ങൾ

പ്രോജക്ട് നം: 262/25

റോഡുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ റോഡുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ദിശാബോർഡുകൾ സ്ഥാപിച്ച് റോഡ് യാത്ര സുഗമവും സുരക്ഷിതവുമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പദ്ധതിക്ക് തൻവർഷം ചെലവില്ല. പദ്ധതി നടത്തിപ്പിന്റെ പ്രാരംഭത്തിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ നിമിത്തം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് അനുസരിച്ച് 16 വാർഡുകളിലെ വിവിധ ഇടങ്ങളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കുന്നതിന് 4,90,000 രൂപയാണ് അടങ്കൽ. ടെണ്ടർ പരസ്യം നം A1-834(6)/2023 തിയ്യതി 16.01.25 പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) കോട്ട് ചെയ്ത എസ്.എസ്. ഇൻഡസ്ട്രീസ് എലവഞ്ചേരി എന്ന സ്ഥാപനത്തിനെ

തെരഞ്ഞെടുത്തു കൊണ്ട് 04.02.25 ന് സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർക്ക് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ആയത് പ്രകാരം 10 ദിവസത്തിനകം എഗ്രിമെന്റ് വക്കേണ്ടതും എഗ്രിമെന്റ് വച്ച് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. കരാറുകാരനുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഇല്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന ടെണ്ടർ വ്യവസ്ഥ ലംഘിച്ചു കൊണ്ട് ദിശാബോർഡുകൾ സ്ഥാപിക്കുകയും പല ബോർഡുകളും സ്ഥാപിച്ചു ദിവസങ്ങൾക്കുള്ളിൽ നിലത്തു വീഴുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതുമാണ്. ഇത് വ്യാപകമായ പരാതിക്കിടയാക്കിയിട്ടുള്ളതായും ഫയൽ പരിശോധനയിൽ നിന്നും വ്യക്തമായി. ഇതിനെ തുടർന്ന് 27.03.25 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാറുകാരന് നൽകിയ കത്തിൽ നിലവിൽ സ്ഥാപിച്ച ദിശാബോർഡുകൾ 31.03.25 നകം എടുത്തു മാറ്റേണ്ടതാണെന്ന് കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി (നം.14/25.08.25)</u>

18.02.25 ന് കരാറുകാരനും സെക്രട്ടറിയും തമ്മിൽ എഗ്രിമെന്റ് വച്ചിട്ടുള്ളതായി സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചെങ്കിലും രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. കരാറുകാരന് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളതിനാൽ ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി സെക്രട്ടറി മറുപടിയിൽ അറിയിച്ചു. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടം ഇല്ലാതെ സ്ഥാപിച്ച ചില ബോർഡുകൾ ശക്തമായ മഴയിൽ വീഴുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ജനപ്രതിനിധികളുടെ ഇടപെടലുകൾ ഉണ്ടായിട്ടുള്ള വാർഡുകളിൽ ബോർഡുകൾ കൃത്യമായി സ്ഥാപിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

കരാറുകാരനെതിരെ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒരു തുകയും കരാറുകാരന് അനുവദിച്ചിട്ടില്ല എന്നും ഭരണസമിതിയുടെ അനുമതിയോടെ പ്രസ്തുത കരാർ റദ്ദാക്കുന്നതുമാണെന്നും സെക്രട്ടറി അറിയിച്ചു.

<u>പദ്ധതി സംബന്ധിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

1. സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 8.27 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ള എം.എസ്.എം.ഇ കൾക്ക് ടെണ്ടർ ഫീ, ഇ.എം.ഡി , പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ ഉണ്ടായിരുന്ന ഇളവുകൾ **ജി.ഒ (പി) നം. 10/2023/SPDതിയ്യതി 11.12.2023** അനുസരിച്ച് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം എം.എസ്.എം.ഇ കൾക്ക് ഉണ്ടായിരുന്ന ഒഴിവുകൾ ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവക്ക് മാത്രമായി പരിമിതപ്പെടുത്തുകയും പെർഫോമൻസ് സെക്യൂരിറ്റി

ബാധകമാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവിടെ കരാറുകാരൻ പെർഫോമൻസ് സെക്യൂരിറ്റി ഒടുക്കിയിട്ടില്ലാത്തതിനാൽ കരാർവ്യവസ്ഥകളുടെ ലംഘനം മുലം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളത്.

2. നിലവിൽ സ്ഥാപിച്ച ദിശാബോർഡുകൾ 31.03.25 നകം എടുത്തു മാറ്റേണ്ടതാണെന്ന് സെക്രട്ടറി കരാറുകാരനോട് ആവശ്യപ്പെട്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

. പ്രവൃത്തി തൃപ്തികരമായ രീതിയിൽ പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനാലും കരാർ വ്യവസ്ഥകളുടെ ലംഘനം ഉണ്ടായിട്ടുള്ളതിനാലും സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 3.21 പ്രകാരം കരാർ റദ്ദ് ചെയ്യേണ്ടതാണ്. കരാറുകാരനെതിരെ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

. കരാറുകാരനിൽ നിന്നും പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ലാത്തതിനാൽ ദിശാബോർഡുകൾ കൃത്യമായി സ്ഥാപിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുള്ള കേസുകളിലും കരാറുകാരന് തുക നൽകാൻ പാടുള്ളതല്ല.

. നിലവിൽ സ്ഥാപിച്ചിട്ടുള്ള ദിശാബോർഡുകളുടെ ബലം അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പരിശോധിക്കാവുന്നതും ഏതെങ്കിലും ദിശാബോർഡുകൾ കൃത്യമായി സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടാൽ അവ ഒഴിവാക്കി മാത്രം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. പദ്ധതി സ്പിൽഓവർ ആക്കി റീടെണ്ടർ ചെയ്ത് പൂർത്തീകരിക്കാവുന്നതാണ്.

<u>1-26 കോക്ലിയർ ഇംപ്ലാന്റേഷൻ -മെയിന്റനൻസ് പ്രവർത്തനങ്ങൽ മോണിറ്റർ ചെയ്യേണ്ടതാണ്</u>

പ്രോജക്ട് നം : 09/25

(കോക്ലിയർ ഇംപ്ലാന്റേഷൻ -മെയിന്റനൻസ്)

അടങ്കൽ -50,000 (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് - 50,000 (ബിൽ നം 27/21.12.24)

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം കോക്ളിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50,000 രൂപ വീതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയനായ ഗുണഭോക്താവായ അജ്വൽ, S/O അജീഷ്, ഒഴിവുപാറ (ഭരണസമിതിയുടെ തീരുമാനം നം 6(1) തിയ്യതി 28.11.24) എന്ന വിദ്യാർത്ഥിക്കായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ PUNB3301005800000015 അക്കൗണ്ടിലേക്ക് 50,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ ട്രാൻസാക്ഷൻ രസീതും ഗുണഭോക്താവിന്റെ വിശദാംശവും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്ക് തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല.

തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തികവർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് കൈമാറുന്നതിനും നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം തുകയുടെ വിനിയോഗസാക്ഷ്യപത്രം തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇവിടെ സാമ്പത്തികവർഷം ആരംഭിച്ച് 9 മാസം പിന്നിട്ടതിനു ശേഷം 21.12.2024 നാണ് തുക ഏജൻസിക്ക് കൈമാറിയിട്ടുള്ളത്. ഓഡിറ്റ് സമയത്ത് ഗുണഭോക്താവിനെ ഫോൺ മുഖാന്തരം ബന്ധപ്പെട്ടതിൽ തൻവർഷം മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്നു മനസ്സിലായി. എന്നാൽ വിനിയോഗവിവരത്തിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് 24.08.2025 ന് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ആയതിൽ നിന്നും പദ്ധതിപ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടന്നിട്ടില്ല എന്നത് വ്യക്തമാണ്.

ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം ലഭ്യമായിട്ടുള്ള വിവരം മോണിറ്റർ ചെയ്തിട്ടുണ്ടോ, മുൻവർഷങ്ങളിൽ ഇത്തരത്തിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളിൽ നിന്ന് ചെലവായ യഥാർത്ഥ തുക കഴിച്ച് ബാക്കി തുക ഈടാക്കിയിട്ടുണ്ടോ, തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.08.25) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയുടെ മറുപടി പ്രകാരം എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലാണ് ശ്രീ അജ്വൽ എന്ന ഗുണഭോക്താവിന് കോക്ളിയർ ഇംപ്ലാന്റേഷന്റെ മെയിന്റനൻസ് നൽകി വരുന്നതെന്ന് ഗുണഭോക്താവിന്റെ കുടുംബവുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞതായും ആയത് നിലവിൽ ഗ്രാമപഞ്ചായത്ത് മോണിറ്റർ ചെയ്യുന്നതായും അറിയിച്ചു. എന്നാൽ മുൻവർഷങ്ങളിൽ ഇത്തരത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരങ്ങൾ പല തവണ കത്ത് മുഖേനയും ഫോൺ മുഖേനയും ആവശ്യപ്പെട്ടിട്ടും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല എന്നും ആയതിനാൽ ചെലവായ തുക കഴിച്ച് ബാക്കിയുള്ള തുക തിരികെ ഈടാക്കുന്നതിന് സാധിച്ചിട്ടില്ല എന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കോക്ളിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് സൗകര്യമുള്ള ആശുപത്രിയിൽ ഗുണഭോക്താവ് നേരിട്ട് ചെന്ന് മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക നൽകിയതിന്റെ ട്രാൻസാക്ഷൻ രസീതിന്റെ ഒരു പകർപ്പ് ആശുപത്രിയിൽ സമർപ്പിക്കുകയും മെയിന്റനൻസിനാവശ്യമായി വന്ന തുക ആശുപത്രിക്ക് നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനം നടക്കുന്നത്. ആയതിനാൽ ഒരു വർഷം പരമാവധി എത്ര തുക ഈ ഇനത്തിൽ ചെലവാകുന്നു എന്ന കണക്ക് ഗുണഭോക്താവിന്റെ മെയിന്റനൻസ് പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ മോണിറ്ററിംഗ് കൃത്യമാക്കുന്നതിന് നടപടികളിലുണ്ടാകേണ്ടതാണ്. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് , ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയുടെ നിരന്തരമായ ഇടപെടലുകളും നിരീക്ഷണവും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

2. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് തൊട്ടു മുമ്പു വരെയും വിനയോഗവിവരം ലഭ്യമായിട്ടില്ലെങ്കിൽ ആകെ ചെലവായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തുക ബാക്കിയുണ്ടെങ്കിൽ ആയത് തിരികെ നൽകുന്നതിനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോട് ആവശ്യപ്പെടാവുന്നതാണ്.

3. നിലവിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം ആകെ 50,000 രൂപയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനായി ഒരു കുട്ടിക്ക് വകയിരുത്തേണ്ട തുക. ഈ തുക ഓരോ ഗുണഭോക്താവിന്റെയും ആവശ്യങ്ങൾ/മെയിന്റനൻസിന്റെ പ്രത്യേകത അനുസരിച്ച് വ്യത്യാസപ്പെടാനുള്ള സാഹചര്യം ഉണ്ട്. ആയതിനാൽ ആകെ ചെലവു തുകയുടെ ഏറ്റക്കുറച്ചിലുകൾ

ഉണ്ടാകുന്നത് ഏത് വിധത്തിൽ കൈകാര്യം ചെയ്യണമെന്നും തുക തിരികെ ഈടാക്കുന്നത് അല്ലെങ്കിൽ വരും വർഷങ്ങളിലെ തുകയിൽ അഡ്ജസ്റ്റ് ചെയ്യുന്നത് എന്നിവ സംബന്ധിക്കുന്ന വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-27 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ -കൃത്യമായ രേഖകൾ ഇല്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം Soo 14/25
തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ
അടങ്കൽ -₹ 490000 (വികസനഫണ്ട് പൊതുവിഭാഗം)
ചെലവ് - ₹490000 (47/07.03.25)
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിനായി ദർഘാസ് പരസ്യം നം എ1-834 (1)//23 തിയ്യതി 25.11.24 പ്രകാരം നടത്തിയ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.എസ് വെങ്കിട്ടരമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭരണസമിതി തീരുമാനം നം 2(4) തിയ്യതി 13.12.24 പ്രകാരം ആയത് അംഗീകരിച്ചിട്ടുണ്ട്. 31.12.2024 ന് വാങ്ങിയിട്ടുള്ള ഇ-സ്റ്റാമ്പ് പേപ്പറിൽ (എഗ്രിമെന്റ് നമ്പർ, തിയ്യതി വച്ചിട്ടില്ല) കരാറുകാരനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഒപ്പു വച്ചിട്ടുണ്ട്. 31.12.24 മുതൽ 30.11.25 വരെയാണ് കരാർ കാലാവധി.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റ് അന്വേഷണം (നം.17/27.08.25) പ്രകാരം ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. തെരുവുവിളക്കുകളുടെ വാങ്ങൽ GeM മുഖേന നടത്തിയിട്ടില്ല.

സ.ഉ(പി) നം 07/19 /SPD തിയ്യതി 26.04.2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്രസർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GeMൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeMൽ ലഭ്യമായവ GeMമുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ തെരുവുവിളക്കുകൾ വാങ്ങലും സ്ഥാപിക്കലും ഒറ്റ പദ്ധതി ആയാണ് നടപ്പാക്കിയിട്ടുള്ളത്. GeMൽ നിന്നും തെരുവുവിളക്കുകൾ വാങ്ങുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടില്ല.

2. കെ.എസ്.ഇ.ബിയുടെ അനുമതി ലഭ്യമായതിന്റെ രേഖകൾ ഇല്ല

പ്രവൃത്തി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബിയുടെ മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകൾ ഇല്ല. കെ.എസ്. ഇ ബി യുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയും കരാറുകാരന്റെ ബില്ലിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

3. തെരുവുവിളക്കുകളുടെ വാറണ്ടി, ഗുണമേന്മ ഇവ ഉറപ്പു വരുത്തിയിട്ടില്ല.

20 W Bulb -500 എണ്ണം, 30W Bulb -300 എണ്ണം എന്നിങ്ങനെ 800 ബൾബുകൾ വാങ്ങിയിട്ടുള്ളതിന്റെ ബിൽ (നം 058/05.03.2025) കരാറുകാരൻ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി ഉൾപ്പെടെ 4,90,000 രൂപ കരാറുകാരന് നൽകിയിട്ടുള്ളത്. എന്നാൽ ഈ ബില്ലിൽ ബൾബുകളുടെ വാറണ്ടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണമേന്മ ഉറപ്പു വരുത്തുന്ന രേഖകളും ഇല്ല.

തെരുവിളക്ക് റിപ്പയർ (പ്രോജക്ട് നം 07/25), തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ എന്നിവയുടെ രേഖകൾ (സ്ട്രീറ്റ് ലൈറ്റ് റിപ്പയർ രജിസ്റ്റർ, മെമ്പർമാരുടെ സാക്ഷ്യപത്രം) ഒത്തു നോക്കുമ്പോൾ തെരുവ് വിളക്ക് പുതിയതായി സ്ഥാപിച്ചതായി കാണിച്ചിട്ടുള്ള താഴെ പറയുന്ന പോസ്റ്റുകളിലെ ബൾബുകൾ റിപ്പയർ ചെയ്തിട്ടുള്ളതായും കാണുന്നു.

വാർഡ്	പോസ്റ്റ് നം.
6	KLA 3-44-171, KLD 5-4-149
3	PLA-3-38-7

4. വാങ്ങിയ എണ്ണത്തിലും അധികം വിളക്കുകൾ സ്ഥാപിച്ചതായുള്ള രേഖകൾ

1 മുതൽ 16 വരെ വാർഡുകളിൽ ആകെ **936** ബൾബുകൾ പുതുതായി സ്ഥാപിച്ചതിന്റെ വിവരം മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. കരാറുകാരൻ ഒപ്പു വെച്ച സ്ട്രീറ്റ് ലൈറ്റ് മെയിന്റൻസ് രജിസ്റ്റർ പ്രകാരവും 936 ബൾബുകൾ സ്ഥാപിച്ച വിവരം ആണുള്ളത്. എന്നാൽ ആകെ 800 ബൾബുകൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. **136** എണ്ണം അധികം സ്ഥാപിച്ചതായുള്ള രേഖകൾ നൽകിയത് വിശദീകരിച്ചിട്ടില്ല.

5. പർച്ചേസിൽ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ഇടപെടലുകൾ ഇല്ല

തെരുവുവിളക്കുകളുടെയും അനുബന്ധസാമഗ്രികളുടെയും പർച്ചേസിൽ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ഇടപെടലുകൾ ഇല്ല. പ്രൊക്യുർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ തെരുവുവിളക്ക് വാങ്ങലുകൾ ചർച്ച ചെയ്യുകയോ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് കൃത്യയായ വിശദീകരണമോ രേഖകളോ ലഭ്യമാക്കാത്തതിനാൽ ആകെ ചെലവു തുക 4,90,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം, പേര്	ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ			സ്ഥാപനം	ബാക്കി
	അടങ്കൽ	ചെലവ്	വൗച്ചർ നമ്പർ		
Soo 6/25 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	600000 (സി.എഫ്.സി ഗ്രാന്റ്)	600000	1.5,40,000 (വൗച്ചർ നം . 22401011/ 22.02.25) (XVFC/24-25/P/45) 2. 60,000 (വൗച്ചർ നം . 22401013/ 22.02.25) (XVFC/24-25/P/46)	അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി വടവന്നൂർ സെക്ഷൻ	വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതിയുടെ 13.02.25 ലെ 1/2 തീരുമാനം പ്രകാരം പാറക്കളം, പൂത്തോട്ടറ-2, തോട്ടേക്കരകളം, ആലംപാറ, കളവരമ്പ്, കമ്മാന്തറ, പന്തപ്പുള്ളി എന്നീ സ്ഥലങ്ങളിലും മറ്റ് വിവിധ പ്രദേശങ്ങലിലുമായി വൈദ്യുതിലൈൻ ദീർഘിപ്പിക്കുന്നതിനായുള്ള കെ.എസ്.ഇ.ബിയുടെ 661471 രൂപ യുടെ എസ്റ്റിമേറ്റ്

അംഗീകരിച്ചു. പദ്ധതിക്കായി ആകെ 600000 രൂപ വടവന്നൂർ ഇലക്ട്രിക്കൽ സെക്ഷന് തൻവർഷം കൈമാറി . മുൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകയിൽ കെ.എസ്.ഇ ബിയിൽ ബാക്കി നിൽക്കുന്ന തുകയായ 61471 രൂപ കൂടി ഈ പദ്ധതിക്കായി വിനിയോഗിക്കുന്നതിനും തീരുമാനം എടുത്തു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വടവന്നൂർ അസിസ്റ്റന്റ് എഞ്ചിനീയറും 21-01-2025 ൽ ഒപ്പു വെച്ച കരാറിൽ പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്തതിനു ശേഷം 30.09.25 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന് നിബന്ധനയുണ്ട്. തുക 22.02.25 ന് കെ.എസ്. ഇ.ബിക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണത്തിനുള്ള (20/29.08.25) മറുപടിയായി പദ്ധതി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും പൂർത്തീകരിച്ചതിനു ശേഷം വിനിയോഗവിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിനിയോഗവിവരം ലഭ്യമാക്കേണ്ടതുമാണ്.

1-29 ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ബാക്കി നിൽക്കുന്ന 56770രൂപ തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന പ്രവൃത്തികൾക്ക് നമ്പർ GWPK/1078/2023 തിയ്യതി 22.08.25 കത്ത് പ്രകാരം ഭൂജലവകുപ്പ് പാലക്കാട് ജില്ലാ ഓഫീസറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പ്രകാരം നൽകിയ തുകയിൽ ചെലവായ യഥാർത്ഥ തുകയും അധികം ചെലവഴിച്ച തുകയും തട്ടികിഴിച്ചതിന് ശേഷം ബാക്കി നിൽക്കുന്ന ആകെ **56770** രൂപ തിരികെ ഈടാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം, പേര്	ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ				പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം ആകെ വിനിയോഗിച്ച തുക	തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക
		അടങ്കൽ	ചെലവ്	വൌച്ചർ നമ്പർ	ഡെപ്പോസിറ്റ് നൽകിയ സ്ഥാപനം		

1	Soo: 220/25 നവുഞ്ഞിക്കോട് കുടിവെള്ള പദ്ധതി - ബോർവെല്ലും മോട്ടോർ സ്ഥാപിക്കലും, ഭൂജലവകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ	499999 (സി.എഫ്.സി ഗ്രാന്റ്)	499999	1.450000XVFC/24-25/P/31 Dt.14.11.24 2.49999 XVFC/24-25/P/36 Dt.16.11.24	ജില്ലാ ഓഫീസർ കേരള ഭൂജല വകുപ്പ് പാലക്കാട്	405560	94439
2	224/25 കുമാരം പുത്തൂർ മോട്ടോർ, മോട്ടോർഷെഡ് ഇലക്ട്രിഫി ക്കേഷൻ	196600 (സി.എഫ്.സി ഗ്രാന്റ്)	196600	1.176940-XVFC/24-25/P/340 Dt.20.11.24 2.19660-XVFC/24-25/P/41 Dt.23.11.24	ജില്ലാ ഓഫീസർ കേരള ഭൂജല വകുപ്പ് പാലക്കാട്	234269	37669 രൂപ അധികം ചെലവായിട്ടുണ്ട്.
3	154/25 ഒല്ലൂർപ്പാട്ടം മുരുകുളി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും ഇലക്ട്രിഫി ക്കേഷനും	165518 (സി.എഫ്.സി ഗ്രാന്റ്)	165518	1.165518 XVFC/24-25/P/8 Dt.09.07.24.	ജില്ലാ ഓഫീസർ കേരള ഭൂജല വകുപ്പ് പാലക്കാട്	134945	30573 (ഈ തുക മുൻവർഷത്തെ കുഴൽക്കിണർ കുഴിക്കൽ പദ്ധതിക്കായി വിനിയോഗിച്ചതായും ആയതിനാൽ നിലവിൽ തുക ബാക്കിയില്ല എന്നും അറിയിച്ചിട്ടുണ്ട്.)
							56770 (94439 -37669) **തിരികെ ഈടാക്കണം**

ക്രമ നം.3 ലെ തുകയിൽ 30578 മുൻവർഷത്തെ കുഴൽക്കിണർ കുഴിക്കൽ പദ്ധതിക്കായി വിനിയോഗിച്ചതായി പറയുന്നതിനാൽ പ്രസ്തുത പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് നൽകേണ്ടതണെന്നും ബാക്കി നിൽക്കുന്ന തുക തിരികെ ലഭ്യമായതിന്റെ രേഖകളും നൽകുന്നതിനുമായി ഓഡിറ്റ് അന്വേഷണം നം 22/30.08.25 നൽകിയതിന് ബാലൻസ് തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഗ്രൗണ്ട് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതായും തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുൻവർഷത്തെ കുഴൽക്കിണർ കുഴിക്കൽ പദ്ധതിയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. തുക തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-30 ഓഡിറ്റ് ഇംപാക്ട്-കരാർ വയ്ക്കുന്നതിൽ കാലതാമസം-നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ ഈടാക്കി ഒടുക്കു വരുത്തി

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാനുവലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. Letter Of Acceptance തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും നടപടിക്രമങ്ങൾ പാലിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം.	പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി	Letter Of Acceptance തീയതി	എഗ്രിമെന്റ്നം & തീയതി, കരാറുകാരൻ	നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ (1%)

1.	130/25- പന്തിശ്ശേരി കാടുവെട്ടു റോഡ് റീടാറിംഗ് APAC-609084 ബിൽ നം.21/24-25 തീയതി06.12.24=693475 ഇ.എം.ബുക്ക് നം.LSGD/CELSGD/EST/84608/2023_5_1_1	05.10.23	09/AE/LID&EW/PSN/2023-24 തീയതി 27-10-2023 ശ്രീ.സേതുമാധവൻ.എൻ	6090
2	172/25-ചെറുമണിക്കാട് റോഡ് നവീകരണം APAC-613573 ബിൽ നം.17/24-25 തീയതി22.08.24=696084 ഇ.എം.ബുക്ക് നം.LSGD/CELSGD/EST/64493/2023_5_1_1	06.10.2023	11/AE/LID&EW/PSN/2023-24 തീയതി 27-10-2023 ശ്രീ.സേതുമാധവൻ.എൻ	6135
ആകെ				12225

നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തെ (13/26.08.25) തുടർന്ന് രസീതി നം.R-G091104-25001249/27.08.2025 പ്രകാരം 6091/-രൂപയും രസീതി നം.R-G091104-25001250/27.08.2025 പ്രകാരം 6136/- രൂപയും കൂടി ആകെ 12227/-രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

1-31 ജൽജീവൻ മിഷൻ പദ്ധതി അവലോകനം

ജൽജീവൻ മിഷൻ പദ്ധതി - ലക്ഷ്യം, നടപ്പാക്കേണ്ട രീതി

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക

എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്. മിഷന്റെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയെ ആണ്.

ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം

പദ്ധതിയുടെ അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കുമാണ് പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമതല. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഗ്രാമ ജല ശുചിത്വ സമിതി വഴി ആണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. ജല ശുചിത്വ സമിതി രൂപീകരിക്കുന്നതു വഴി ഗ്രാമപഞ്ചായത്തുകളിലെ ജനകീയ കൂട്ടായ്മകൾ, ഗുണഭോക്തൃസമിതികൾ, എന്നിവർക്ക് കുടിവെള്ള പദ്ധതികളിലൂടെ ആസൂത്രണം, നടത്തിപ്പ്, പരിപാലനം, തുടർനടത്തിപ്പ്, അറ്റകുറ്റപ്പണികൾ എന്നീ മേഖലകളിൽ പ്രധാന പങ്ക് നൽകുന്നതിനും ജനങ്ങളിൽ ഉടമസ്ഥതാബോധം കൊണ്ടുവരുന്നതിനും സാധിക്കുന്നതായി ജലജീവൻ മിഷൻ വിലയിരുത്തുന്നു.

ഓരോ ഗ്രാമപഞ്ചായത്തും നിലവിലുള്ള പ്രവർത്തനക്ഷമമായ ടാപ്പുകൾ, ഇനി ആവശ്യമുള്ള ടാപ്പ് കണക്ഷനുകളുടെ എണ്ണം കണ്ടെത്തിയത് എന്നിവ ജലഅതോറിറ്റിയുടെ സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്റെ മുൻഗണനാക്രമം അനുസരിച്ചാണ് അതത് ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പാക്കുന്നത്.

വിഭവ സ്രോതസ്സ്

കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്. പദ്ധതി നടത്തിപ്പിനായി വിവിധ സ്ത്രോതസ്സുകളിൽ നിന്ന് ധനസമാഹരണം (എം.പി ഫണ്ട്, മറ്റ് കേന്ദ്ര മന്ത്രാലയങ്ങൾ , കേന്ദ്ര വകുപ്പുകൾക്ക് നൽകുന്ന ഫണ്ടുകൾ, എം.എൽ.എ ഫണ്ട്, മറ്റ് സംഘടനകളിൽ നിന്ന് ലഭിക്കുന്ന തുക/സംഭാവനകൾ) നടത്താവുന്നതുമാണ്. ഗുണഭോക്തൃവിഹിതം പണമായോ, വസ്തുവകകളായോ, പ്രവൃത്തിയായോ നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പ് - രേഖകളുടെ സൂക്ഷിപ്പ്, പദ്ധതി പുരോഗതി

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കേണ്ട ഈ

പദ്ധതിയുടെ സ്ഥിതിവിവരക്കണക്കുകൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയ കുടുംബങ്ങളുടെ എണ്ണം, ഇനി കുടിവെള്ള കണക്ഷൻ നൽകാനുള്ള കുടുംബങ്ങളുടെ എണ്ണം, നൽകിയ കുടിവെള്ള കണക്ഷനുകളിൽ പ്രവർത്തനക്ഷമമായ കണക്ഷനുകളുടെ എണ്ണം, പ്രവർത്തനക്ഷമമല്ലാത്തവ ഏതെല്ലാം എന്നീ വിവരങ്ങളുടെ കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. ജലശുചിത്വ സമിതികൾ നാളിതുവരെ രൂപീകരിച്ചിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ പദ്ധതി രൂപീകരിച്ച് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല.

<u>ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം</u>

ഓഡിറ്റ് അന്വേഷണം നമ്പർ 4/22-08-2025 ന്റെ മറുപടി പ്രകാരം താഴെ പറയുന്ന വിശദാംശങ്ങൾ സെക്രട്ടറി അറിയിച്ചു.

ഗ്രാമപഞ്ചായത്തിൽ പ്രാദേശിക കുടിവെള്ള പദ്ധതികൾ കൃത്യമായി പ്രവർത്തിക്കുന്നതിനാൽ തുടർച്ചയായി വരൾച്ച നേരിടുന്ന പ്രദേശങ്ങളില്ല. 2024 ലെ കടുത്ത വേനലിലും ടാങ്കർ ലോറിയിൽ കുടിവെള്ളമെത്തിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടിവെള്ള കണക്ഷനുകൾ ഉണ്ട്. ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളോ നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളോ ഇല്ല. ജലനിധി പദ്ധതിയുമായി ചേർന്ന് കിണർ റീ ചാർജ്ജിംഗ് പദ്ധതിക്കായി 65 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു നൽകിയിട്ടുള്ളതായും പ്രവൃത്തി നടപ്പാക്കി വരുന്നതായും അറിയിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിലൂടെ കുളങ്ങൾ, തോടുകൾ എന്നിവയുടെ നവീകരണം, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കി വരുന്നു. എല്ലാ കുടിവെള്ള പദ്ധതികളും പ്രവർത്തനക്ഷമമാണ്. കുടിവെള്ളക്ഷാമം നിലവിലില്ല. ജലമലിനീകരണ പ്രശ്നങ്ങൾ നാളിതു വരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ജലഗുണനിലവാര ലാബുകൾ സ്ഥാപിച്ചിട്ടില്ല .

കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വരുന്നുണ്ട്.

<u>ജല അതോറിറ്റിയുടെ സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ</u>

ജല അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ ആകെ 6058 FHTC (Functional Household Tap Connection) ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുള്ളതിന്റെയും ഏപ്രിൽ 2020 മുതൽ 466 കണക്ഷനുകൾ നൽകിയിട്ടുള്ളതിന്റെയും

ക്രോഡീകരിച്ച കണക്ക് ലഭ്യമാണ്. എന്നാൽ ഇവ ഏതൊക്കെ ഭാഗങ്ങളിലാണ് തുടങ്ങിയ വിശദാംശങ്ങൾ വെബ് സൈറ്റിൽ ലഭ്യമല്ല.

കൂടാതെ എലവഞ്ചേരി-എരിമയൂർ-പല്ലശ്ശന ഗ്രാമപഞ്ചായത്തുകൾക്ക് മിഷന്റെ ഭാഗമായി സംയുക്തമായി കുടിവെള്ളപദ്ധതി നടപ്പാക്കി വരുന്നതായും കാണുന്നുണ്ട്. ഇതിൽ 11000 ൽ പരം കണക്ഷനുകൾക്ക് അനുമതി ഉണ്ട്.

<u>അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിൽ നിന്നും ലഭ്യമായ വിവരങ്ങൾ</u>

2021-22മുതൽ 2024-25 വരെ കാലയളവിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചീനീയർ മുഖാന്തരം നടപ്പാക്കിയ വിവിധ റോഡ് നവീകരണ പ്രവർത്തങ്ങളിൽ, കേരള ജല അതോറിറ്റി ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിച്ച വിവിധ സ്ഥലങ്ങളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. 2021-22 മുതൽ 2023-24 വരെ 27 റോഡ് നവീകരണപ്രവർത്തനങ്ങൾക്ക് ഇത്തരത്തിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി ചെലവായ തുക ജല അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. കൂടാതെ 2024-25 ലെ 7 പ്രവൃത്തികൾ, സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി)നം.897/2023/WRD/തീയതി 26.10.23, KWA-JB/164/2024-AE 20/08.01.2024, KWA-JB/6040/2024-ADBAI/30.08.2024 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളുടെ റെസ്റ്റോറേഷൻ പ്രവർത്തനങ്ങൾ പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് ചെയ്യുകയും ആയതിന്റെ ബില്ലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്റ്റ് ഡിവിഷൻ, മിനി സിവിൽ സ്റ്റേഷൻ, ചിറ്റൂരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ച് തുക കാരാറുകാരന് നേരിട്ട് നല്കുന്നതാണെന്ന് 10.01.25ലെ KWA/PD/CTR/DB/612/2021/JJM/Elevanchery/Phase II എന്ന കത്തിലെ നിർദ്ദേശത്തിൽ അറിയിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ 2021-22 മുതൽ 2023-24 വരെ കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകയോ 2024-25ൽ കരാറുകാരന് ലഭിക്കാനുള്ള തുകയോ നാളിതു വരെ ലഭ്യമായിട്ടില്ല. (ഈ വിഷയം പ്രത്യേക പരാമർശമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

2021-22മുതൽ 2024-25 വരെ കാലയളവിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിൽ നടപ്പായിട്ടുണ്ട് എന്നാണ് മേൽ വസ്തുതകളിൽനിന്നും മനസ്സിലാകുന്നത്. എന്നാൽ എത്ര പദ്ധതികൾ, എത്രയെണ്ണം പൂർത്തീകരിച്ചു തുടങ്ങിയ വിവരങ്ങൾ ഇല്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ജല അതോറിറ്റിയിൽ നിന്നും നേരിട്ടും ജലഅതോറിറ്റിയുടെ വെബ്സൈറ്റിൽ നിന്നുമുള്ള വിവരങ്ങൾ പരിശോധിച്ച് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ

മുഴുവൻ പ്രവൃത്തികളുടെയും കൃത്യമായ വിവരം ശേഖരിച്ച് ക്രോഡീകരിച്ച് ഡിജിറ്റലായോ മാനുവലായോ സൂക്ഷിക്കേണ്ടതാണ്. ആസ്തികൾ ജിയോ ടാഗിംഗ് ചെയ്ത് ഡിജിറ്റലൈസ് ചെയ്യേണ്ടതാണ്.

2. പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ടെങ്കിൽ അടിയന്തരമായി ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ ജലശുചിത്വ സമിതി അടിയന്തരമായി രൂപീകരിക്കേണ്ടതാണ്. നിലവിൽ കണക്ഷനുകൾ കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ കണക്ഷൻ നൽകാനും 100% ജല ലഭ്യത ഉറപ്പുവരുത്താനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ ജലശുചിത്വ സമിതിയുടെ മോണിറ്ററിംഗ് ജല ശുദ്ധീകരണം, സ്ഥിരമായ ജല ഗുണനിലവാര പരിശോധന, മലിനജലസംസ്കരണം, ജലസംരക്ഷണപരിപാടികൾ, എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

5. വ്യാപകമായി ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം, സ്വാഭാവിക ജലസ്രോതസ്സുകളെ സഹായിക്കുന്ന വനം, വയൽ, കാവുകൾ തണ്ണീർത്തടങ്ങൾ, എന്നിവയിലുണ്ടായ കുറവ്, സൂക്ഷ്മ കാലാവസ്ഥയിലെ മാറ്റം, പ്രകൃതിദുരന്തങ്ങൾ, മറ്റ് മുൻകൂട്ടി കാണാൻ കഴിയാത്ത വെല്ലുവിളികൾ എന്നിവ പരിഗണിച്ചുള്ള മുന്നൊരുക്കങ്ങളും മുൻകരുതലുകളും ജലശുചിത്വസമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-32 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2022-23 (2021-22 വർഷത്തെ ഗ്രാന്റ്) വർഷം മുതലാണ് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചു തുടങ്ങിയത്. പഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള

പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖേന നടത്തേണ്ടത്. ആയതിന്റെ വിവര ശേഖരണത്തിനായി ഓഡിറ്റ് അന്വേഷണം(03/21.08.2025) നൽകിയിട്ടുള്ളതിന് മറുപടി ലഭ്യമാക്കിയിട്ടുള്ളതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ആയുർവേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. കുടുംബാരോഗ്യകേന്ദ്രത്തിന് പല്ലശ്ശന, താമരപാടം, താളൂർ, തൂവ്വംകോഡ്, പല്ലാവൂർ എന്നിങ്ങനെ 5 ഉപകേന്ദ്രങ്ങളുണ്ട്.

സ്കീം -1 (Buidingless Subcentres)

ഈ വിഭാഗത്തിൽ പദ്ധതി നടപ്പാക്കിയിട്ടില്ല

സ്കീം -3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ ഒഴിവാക്കി ആകെ	ചെലവ്	നീക്കിയിരിപ്പ്
2022-23	0	264733	264733	264733	0
2023-24	0	874000	874000	1711	872289
2024-25	872289	365000	1237289	551292	685997

നടപ്പാക്കിയ പദ്ധതികൾ

വർഷം	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക
2022-23	182 /23 ആരോഗ്യ സ്ഥാപനങ്ങളിലേക്ക് രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-ലാബ് റീഏജന്റ് വാങ്ങൽ	264733
2023-24	184/24	1711

	ആരോഗ്യ സ്ഥാപനങ്ങളിലേക്ക് രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തല്- രജിസ്റ്റർ വാങ്ങൽ	
2024-25	248/25 (New) - ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തല്- ലാബ് റീഏജന്റ് വാങ്ങൽ	551292

സ്കീം 4 - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ കുറച്ച് ആകെ	ചെലവ്	നീക്കിയിരിപ്പ്
2022-23	0	135000	135000	121792	13208
2023-24	13208	369000	382208	19350	362858
2024-25	362858	587000	949858	331445	645413

നടപ്പാക്കിയ പദ്ധതികൾ

വർഷം	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക
2022-23	183/23 -ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത്	121792

	&വെൽനെസ്സ് പ്രവർത്തനങ്ങൾ	
2023-24	185/24 – കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ	19350
2024-25	249/25 - കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ	331445

സ്കീം 3 പ്രകാരം ലാബ് റീ ഏജന്റ്സ് വാങ്ങുന്നതിനാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്.

സ്കീം 4 പ്രകാരം സബ്സെന്റർ നവീകരണവും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

. ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .

. കുടുംബാരോഗ്യ കേന്ദ്രത്തോടൊപ്പം ആരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 അതിദാരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ - ആധാരത്തിലെ വിലയിൽ അധികരിച്ച് 25000/-രൂപ അധികം നൽകി-

പ്രൊജക്ട് നം	206/2024-25
പ്രൊജക്ടിന്റെ പേര്	അതിദരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ(ജനറൽ)
അടങ്കൽ	825000/- (വികസന ഫണ്ട്- 20000, തനത് ഫണ്ട്-30000, ബ്ലോക്ക്- 150000, ജില്ല-625000)
ചെലവ്	582895/- (തനത് ഫണ്ട്-7895, ബ്ലോക്ക്-150000, ജില്ല- 425000)
ബിൽ നം	(1)20/24-25തീയതി 24.03.2025=150000/- (2)23/24-25 തീയതി 24.03.25= 425000/- (3)ചെക്കും.PSCBതീയതി25.03.2025=7895/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി ഇ ഒ

അതിദരിദ്രകുടുംബത്തിന് ഭൂമി വാങ്ങി നൽകൽ എന്ന പദ്ധയിൽ ഉൾപ്പെട്ട ജ്യോതി നാരായണൻ എന്ന ഗുണഭോക്താവിന് 3 സെന്റ് സ്ഥലം വാങ്ങുന്നതിലേക്ക്, സ്ഥലമുടമ കെ വി രാധാകൃഷ്ണൻ എന്ന

വ്യക്തിക്ക് 225000/- നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു .

1.ഭൂവുടമ ശ്രീ.കെ.വി.രാധാകൃഷ്ണന്റെ 18.03.25 തീയതിയിലെ സമ്മതപത്ര പ്രകാരം 3 സെന്റ് ഭൂമി 200000/- രൂപയ്ക്ക് ഗുണഭോക്താവായ ശ്രീമതി.ജ്യോതി നാരായണന് (എസ് സി വിഭാഗം) വില്പന നടത്താൻ സമ്മതമാണെന്ന് വി.ഇ.ഒ യെ അറിയിച്ചിട്ടുണ്ട്. എന്നാൽ സമ്മതപത്രത്തിലെ തുകക്കു വിരുദ്ധമായി, 2,25,000/- രൂപയാണ് 3 സെന്റ് ഭൂമി വാങ്ങിയ വകയിൽ നിർവഹണോദ്യോഗസ്ഥൻ ഭൂവുടമയ്ക്ക് മേൽ ബിൽ നം.23/24-25 തീയതി 24.03.25 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും നല്കിയിരിക്കുന്നത്.
2. പ്രസ്തുത സ്ഥലം രജിസ്റ്റർ ചെയ്ത ആധാരത്തിൽ(നം.673/I/2025/22.03.25, സബ് രജിസ്ട്രാർ ഓഫീസ്, കൊല്ലങ്കോട്, ബ്ലോക്ക് നം.4, റീസർവ്വെ നം.460/11.) 3 സെന്റ് ഭൂമി 200000/-രൂപയ്ക്കാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 25000/- രൂപ അധികം നല്കിയിരിക്കുന്നു.

3. പല്ലശ്ശന വില്ലേജ് ഓഫീസറുടെ 154/2025 തീയതി 19.03.2025 പ്രകാരം പുറപ്പെടുവിച്ച സാക്ഷ്യപത്ര പ്രകാരം, ഗുണഭോക്താവിന്റെ മാതാവിന്റെയും, രണ്ട് സഹോദരരുടെയും കൂട്ടായ കൈവശത്തിൽ പല്ലശ്ശന വില്ലേജ് പരിധിയിൽ ബ്ലോക്ക് നം.4 സർവ്വെ നം.581/8 ൽ 3 സെന്റ് സ്ഥലം, പിതാവിന്റെ മരണ ശേഷം കൈവശം വച്ച് വരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അപ്രകാരം ഭൂരഹിതയല്ല എന്ന് കാണുന്നു. ലൈഫ് മാർഗ്ഗരേഖ പ്രകാരം പാരമ്പര്യമായി ഭൂമി കിട്ടാൻ സാധ്യതയില്ല എന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
ആയത് ശ്രദ്ധയിപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് 09/25.08.2025നമ്പറായി ഓഡിറ്റ് അന്വേഷണം നൽകി. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, ഗുണഭോക്താവായ ജ്യോതി നാരായണൻ ലൈഫ് ഭൂരഹിത, ഭവനരഹിത അതിദരിദ്ര കുടുംബമാണെന്നും, സ്ഥലം വാങ്ങുന്നതിനുള്ള കരാർ ഉടമ്പടിക്ക് പേപ്പറുകൾ ഹാജരാക്കുമ്പോൾ എസ് സി വിഭാഗത്തിൽ പെട്ട കുടുംബമാണെന്ന രേഖ ഹാജരാക്കിയിരുന്നില്ല എന്നും, രേഖ ഹാജരാക്കാത്തതിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ജനറൽ പ്രോജക്ടായി വച്ചിരുന്ന അതിദരിദ്ര കുടുംബത്തിന് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുകയും, രജിസ്ട്രാർ ഓഫീസ് നൽകിയ സാക്ഷ്യപത്രത്തിൽ ഭൂമിയുടെ വില 2,00,000/- രൂപ ആയതു കൊണ്ടാണ് ആധാരത്തിൽ തുക 2,00,000/- രൂപയായി കാണുന്നത് എന്നും അറിയിച്ചിരിക്കുന്നു. എഗ്രിമെന്റ് കഴിഞ്ഞതിനു ശേഷം രജിസ്ട്രേഷൻ ഓഫീസിൽ നിന്നും ലഭിക്കുന്ന, സാക്ഷ്യ പത്രവും ഗുണഭോക്താവ് എസ് സി വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബമാണെന്നും, തീരെ നിവർത്തിയില്ലാത്ത നിർധന കുടുംബമാണെന്നും, ഗുണഭോക്താവ് ഭൂമി വാങ്ങിയത് 2,25,000/- രൂപക്കാണ് എന്നും, അത് ലഭിക്കാൻ എസ് സി വിഭാഗത്തിൽപ്പെട്ട കുടുംബമാണെന്ന് തെളിയിക്കാൻ മകളുടെ എസ്

എസ് എൽ സി ബുക്കിന്റെ പകർപ്പും, തനിക്ക് ആനുകൂല്യം കിട്ടേണ്ട തുകയായ 2,25,000/- രൂപ സ്ഥലമുടമക്ക് കൈമാറണമെന്നും അഭ്യർത്ഥിച്ചതായും, അതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് ഭൂമി നൽകിയ ഭൂവുടമക്ക് 2,25,000/- രൂപ കൈമാറിയത് എന്നും അറിയിച്ചിരിക്കുന്നു.

ഗുണഭോക്താവ്, ജ്യോതി നാരായണൻ, വി ഇ ഓ ക്ക് നൽകിയ കത്ത്, വി ഇ ഒ മറുപടിയോടോപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു, ആയത് പ്രകാരം, താൻ ലൈഫ് ഭൂരഹിത ലിസ്റ്റിൽ പെട്ട വ്യക്തിയാണെന്നും, വി ഇ ഒ സ്ഥലം വാങ്ങുന്നതിനു തന്നെ വിളിച്ചപ്പോൾ തുക 2,00,000/- ആണെന്ന് അറിയിച്ചതായും, ആയതിനുള്ള ഭൂമി കണ്ടെത്തിയാൽ മതി എന്നും പറഞ്ഞു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ഥലം കണ്ടെത്തി വന്നപ്പോൾ 3 സെന്റിന് 2,25,000 ആയി. എഗ്രിമെന്റിനുള്ള പേപ്പറിൽ 2,00,000 രൂപയെ കാണിച്ചിട്ടുള്ളു. എഗ്രിമെന്റിനു ശേഷമാണ് എസ് സി വിഭാഗക്കാഗക്കാർക്ക് 2,25,000/- രൂപക്ക് അർഹതയുള്ളതായി ആറിഞ്ഞത് എന്നും തീരെ നിവർത്തിയില്ലാത്ത നിർധന കുടുംബമാണ് തങ്ങളുടെ എന്നും ആയതിനാൽ 2,25,000/- അനുവദിച്ച് തരണമെന്നും 22.03.2025 കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ലൈഫ് നിയമാവലി പ്രകാരം എസ് സി വിഭാഗത്തിന് 3 സെന്റ് ഭൂമിക്ക് പരമാവധി 2,25,000/- അർഹതയുണ്ട്. ആയതിന് ഗുണഭോക്താവ് വഴി സൗകര്യമുള്ള 3 സെന്റ് ഭൂമി കണ്ടെത്തി നൽകണം. എസ് സി വിഭാഗക്കാർക്ക് ഭൂമി വാങ്ങാൻ പരമാവധി നൽകാവുന്ന തുകയാണ് മേൽ സൂചിപ്പിച്ച 2,25,000/- രൂപ. കുറഞ്ഞ വിലക്കുള്ള ഭൂമിയാണെങ്കിൽ പ്രസ്തുത തുകയാണ് പരിധി. ഇവിടെ മേൽ സൂചിപ്പിച്ച പ്രകാരം 3 സെന്റ് ഭൂമി 2,00,000/- രൂപക്ക് നൽകാൻ തയ്യാറാണെന്ന ഭൂവുടമയുടെ (18.03.2025)സമ്മപത്രം, 25.03.2025 തീയതിയിൽ 2,00,000/- ലഭിച്ചതായുള്ള ഭൂവുടമയുടെ കൈപ്പറ്റ് രസീതി, 200000/- രൂപക്ക് ഭൂമി ലഭിച്ചതായും, പ്രസ്തുത തുക കൈമാറാൻ വി ഇ ഒ യോട് ഗുണഭോക്താവ് അപേക്ഷിക്കുന്ന 18.03.2025 തീയതിയിലെ കത്ത്, മേൽ സൂചിപ്പിച്ച നമ്പർ പ്രകാരം ആധാരം രജിസ്റ്റർ ചെയ്തത് 2,00,000/- രൂപക്ക് എന്നീ വസ്തുത പരിഗണിച്ചും, പരമാവധി തുകക്കുള്ളിലുള്ള ഭൂമി കണ്ടുപിടിച്ച് നൽകിയതിനു ശേഷം, ഗുണഭോക്താവ് ഭൂവുടമക്ക് തനിക്ക് അർഹതപ്പെട്ട പരമാവധി ആനുകൂല്യം 2,25,000/- രൂപ അനുവദിക്കണം എന്ന ആവശ്യപ്പെടുന്നത് യുക്തിയല്ലാത്തതിനാലും, അധികമായി അനുവദിച്ച തുക 25000/-സാമ്പത്തിക ദുർവ്യയം ആണെന്ന് കണക്കാക്കുന്നു. ആയതിനാൽ അധികം അനുവദിച്ച 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>3-2 MGNREGS -അർദ്ധ വിദഗ്ദ തോഴിലാളികൾക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികരിച്ച് തുക നല്കി</u>

MGNREGS മെറ്റീരിയൽ പ്രവൃത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ സെമി സ്കിൽഡ് തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ച് തുക നല്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

ക്രമ നം.	പ്രവൃത്തി	എം.ബുക്ക്	സെമിസ്കിൽഡ് വേജ്/ എസ്റ്റിമേറ്റ് നിരക്ക്	എസ്റ്റിമേറ്റ് നം.	അനുവദിച്ച കൂലി	എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കേണ്ട കൂലി	അധികം	എഫ്.ടി.ഒ നമ്പരും തീയതിയും
1	ഒല്ലൂർപാടം റോഡ് കോൺക്രീറ്റ്	ആർ.സി/ 381197	30420	2023/11767	40*793= 31720	40*760.5 = 30420	1300	16548/ 20.04.24
2	മുതിരപറമ്പ് കോളനി റോഡ് കോൺക്രീറ്റ്	ആർ.സി/ 381193	29398	2023/21066	40*866= 34640	40*734.96 = 29398	5242	16526/ 20.04.24
3	പുത്തൻകാവ് റോഡ് കോൺക്രീറ്റ്	ആർ.സി/ 381187	24317	2023/11919	30*845= 25350	30*810.57 = 24317	1033	16520/ 20.04.24
4	തുമ്പിക്കോട് റോഡ് കോൺക്രീറ്റ്	ആർ.സി/ 382901	30361	2023/18692	55*850= 46750	55*552.03 = 30361	16389	16634/ 08.08.24
5	കാക്കാമട സൈഡ് പ്രൊട്ടക്ഷൻ	എ.വി/ 286743	105603	2023/133958	150*810= 121500	150*704.02 = 105603	15897	16544/ 16.08.24

6	താമരപ്പാടം റോഡ് കോൺക്രീറ്റ്	ആർ.സി. 381184	27787	2023/11891	35*828= 28980	35*793.93 = 27787	1193	16554/ 20.04.24
7	നെടുവിളിക്കളം റോഡ് കോൺക്രീറ്റ്	ആർ.സി/ 381192	30264	2023/20964	40*789= 31560	40*756.60 = 30264	1296	16522/ 20.04.24
8	ആലുമ്പാറ റോഡ് കോൺക്രീറ്റ്	ആർ.സി/ 381198	21937	2023/11770	30*763= 22890	30*731.25 = 21937	953	16547/ 20.04.24
9	പൂളപറമ്പ് റോഡ് കോൺക്രീറ്റ്	ആർ.സി/ 393351	31729	2023/172769	35*948= 33180	35*906.57 = 31729	1451	16619/ 08.08.24
10	ഏരുകുളമ്പ് റോഡ് കോൺക്രീറ്റ്	ആർ.സി/ 383623	27787	2023/20896	35*828= 28980	35*793.93 = 27787	1193	16550/ 20.04.24
11	താമരമുകിൽ റോഡ് കോൺക്രീറ്റ്	ആർ.സി/ 383781	21060	2023/21180	30*732= 21960	30*702 = 21060	900	16632/ 08.08.24
12	പന്തിശ്ശേരി റോഡ് കോൺക്രീറ്റ്	ആർ/സി 381195	29250	2023/20958	35*872= 30520	30*835.71 = 29250	1270	16640/ 08.08.24
13	പാറക്കളം അങ്കണവാടി റോഡ് കോൺക്രീറ്റ്	ആർ.സി/ 383621	30390		40*792= 31680	40*759.77 = 30390	1290	16505/ 20.04.24
14	മാങ്കാവ് റോഡ് കോൺക്രീറ്റ്	ആർ.സി/ 381182	28080	2023/11910	35*837= 29295	35*802.29 =	1215	16525/ 20.04.24

						28080		
15	തളൂർ അങ്കണവാടി റോഡ് കോൺക്രീറ്റ്	ആർ.സി/ 381194	22908	2023/11780	30*843= 25290	30*763.60 = 22908	2382	16543/ 20.04.24
ആകെ							53004	

വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/27.08.25) ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല.

ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് യഥാസമയം Unskilled, Skilled/Semiskilled എന്നിവയുടെ Musterroll എറ്റെടുക്കുകയും പ്രവൃത്തി ചെയ്തതിന്റെ അടിസ്ഥാനത്തിൽ Measurement പ്രകാരം ആണ് കൂലി അനുവദിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ അളവുപ്രകാരം ഒരു ദിവസം ഈ നിരക്ക് ആയിട്ടില്ലാത്തതിനാൽ Skilled/Semiskilled കൂലി Estimate പ്രകാരമുള്ള തുക അധികരിക്കാതെ പ്രവൃത്തി ചെയ്ത ദിവസത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി ചെയ്താണ് നല്കിയിട്ടുള്ളതെന്ന് സൂചിപ്പിച്ചിരിക്കുന്നു.

ഓഡിറ്റ് നിരീക്ഷണം

മേൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികൾക്കും Unskilled, Skilled/Semiskilled എന്നിവയ്ക്കായി ബ്ലോക്കിൽ നിന്നും വിവിധ എസ്റ്റിമേറ്റുകൾ പ്രകാരം നിരക്ക് നിശ്ചയിച്ച് നല്കിയിട്ടുണ്ട്. ആയത് പ്രകാരം Skilled പ്രവൃത്തികൾക്ക് നല്കേണ്ടുന്ന വേതനവും Semiskilled പ്രവൃത്തികൾക്ക് നല്കേണ്ടുന്ന വേതനവും തമ്മിൽ കൂട്ടി ആകെ തൊഴിൽ ദിനങ്ങൾ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന വേതനമാണ് Semiskilled തൊഴിലാളികൾക്ക് നല്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രവൃത്തികളിലെ Skilled പ്രവൃത്തികൾക്ക് നല്കേണ്ടുന്ന വേതനം നല്കാവുന്നതാണിരിക്കെ എല്ലാ Semiskilled തൊഴിലാളികൾക്കും Skilled തൊഴിലാളികൾക്ക് നല്കേണ്ടുന്ന വേതനം ഇപ്രകാരം നല്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നല്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി MGNRES ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും നിർവഹണോദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെയുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
15	72000	72000	0	-

2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 അല്ലെങ്കിൽ 07/2023 മുതലുള്ള	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		കുടിശ്ശിക ഉൾപ്പെടെ)			
0	0	0	0	0	

3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	0	0	0	0	

4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	നവംബർ 2024	-	-	0	-

ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 08.08.2024 ലെ 49/2024/ധന നമ്പർ പരിപത്രം, മെഡിസെപ് നോഡൽ സെല്ലിന്റെ 27.08.2024 ലെ 2886165/MEDNC3/82/2024/Fin നമ്പർ കത്ത് എന്നിവ പ്രകാരം ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച പോളിസി വർഷങ്ങളിലെ മെഡിസെപ് കുടിശ്ശിക നിർബന്ധമായി ഈടാക്കേണ്ടതാണെന്നും Catastrophic Package ആനുകൂല്യം ആവശ്യമില്ലെന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം നൽകിയാൽ മാത്രം മുൻ പോളിസി വർഷങ്ങളിലെ മെഡിസെപ്പ് കുടിശ്ശികയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും സർക്കാർ നിർദ്ദേശമുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി

2024-25	21-8-2025 മുതൽ 30-8-2025 വരെ	ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

4-3 സംയുക്ത പദ്ധതിക്ക് ലഭിച്ച ഫണ്ട് വിവരം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാല ൻസ്
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	560310	നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി	560310	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	1680930	നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി	1680930	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	222125	43/25 പെയിൻ & പാലിയേറ്റീവ്	222125	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	150000	206/25 അതിദാരിദ്ര്യ കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ	150000	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	200000	35/25 ലൈഫ് ഭവനം (എസ്.സി)	200000	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	1040000	34/25 ലൈഫ് ഭവനം (ജനറൽ)	1040000	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	137485	33/25 ലൈഫ് ഭവനം (എസ്.സി)	137485	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	199600	39/25 ഭിന്നശേഷി സ്കോളർഷിപ്പ് വാങ്ങൽ	199600	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	300000	81/25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	300000	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	300000	17/25 ലൈഫ് ഭവനം (എസ്.സി)	300000	0

നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	200000	16/25 ലൈഫ് ഭവനം (ജനറൽ)	200000	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2024-25	500000	255/25 തളൂർ മാങ്കാവ് റോഡ് നിർമ്മാണം	500000	0
ആകെ		5490450		5490450	0
ജില്ലാ പഞ്ചായത്ത്	2024-25	1199953	253/25 പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ	1199953	0
ആകെ		1199953		1199953	0

4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകിയതിന്റെ വിവരം

പ്രോജക്ട് നം, പേര്	ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ			സ്ഥാപനം	റിമാർക്സ്
	അടങ്കൽ	ചെലവ്	വൗച്ചർ നമ്പർ		
280/25 സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ	31950 (സി.എഫ്.സി ഗ്രാന്റ്)	31950	1. 28755- വൗച്ചർ നം XVFC/24-25/P/54) 2.3195- വൗച്ചർ നം XVFC/24-25/P/55	അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി കുനിശ്ശേരി	തുക പൂർണ്ണമായും ചെലവഴിച്ചു. വിനിയോഗ വിവരം ലഭ്യമാക്കി
6/25 വൈദ്യുതി ലൈൻ ദീർഘീപ്പിക്കൽ	600000 (സി.എഫ്.സി ഗ്രാന്റ്)	600000	1.5,40,000 (വൗച്ചർ നം . 22401011/ 22.02.25) (XVFC/24-25/P/45) 2. 60,000 (വൗച്ചർ നം . 22401013/ 22.02.25)	അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി വടവന്നൂർ സെക്ഷൻ	വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

			(XVFC/24-25/P/46)		
220/25 നവുഞ്ഞിക്കോട് കുടിവെള്ള പദ്ധതി - ബോർവെല്ലും മോട്ടോർ സ്ഥാപിക്കലും, ഭൂജലവകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ	499999 (സി.എഫ്.സി ഗ്രാന്റ്)	499999	1.450000XVFC/24-25/P/31 Dt.14.11.24 2.49999 XVFC/24-25/P/36 Dt.16.11.24	ജില്ലാ ഓഫീസർ കേരള ഭൂജല വകുപ്പ് പാലക്കാട്	വിനിയോഗ വിവരം പ്രകാരം 405560 രൂപ ചെലവായിട്ടുണ്ട്. 94439 ബാക്കി നിൽക്കുന്നു.
224/25 കുമാരം പുത്തൂർ മോട്ടോർ, മോട്ടോർഷെഡ് ഇലക്ട്രിഫിക്കേഷൻ	196600 (സി.എഫ്.സി ഗ്രാന്റ്)	196600 (സി.എഫ്.സി ഗ്രാന്റ്)	1.176940-XVFC/24-25/P/340 Dt.20.11.24 2.19660-XVFC/24-25/P/41 Dt.23.11.24	ജില്ലാ ഓഫീസർ കേരള ഭൂജല വകുപ്പ് പാലക്കാട്	വിനിയോഗ വിവരം പ്രകാരം 234269 രൂപ ചെലവായി 37669 രൂപ അധികം ചെലവായിട്ടുണ്ട്.
154/25 ഒല്ലൂർപ്പാടം മുരുകുളി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും ഇലക്ട്രിഫിക്കേഷനും	165518 (സി.എഫ്.സി ഗ്രാന്റ്)	165518	1.165518 XVFC/24-25/P/8 Dt.09.07.24.	ജില്ലാ ഓഫീസർ കേരള ഭൂജല വകുപ്പ് പാലക്കാട്	134945 രൂപ ചെലവഴി വിനിയോഗ വിവരം ലഭ്യമാക്കി. 30573 രൂപ ബാക്കി നിൽക്കുന്നു.

4-5 മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയതിന്റെ വിവരം

മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ അനുവദിച്ചിട്ടില്ല.

4-6 സ്ഥിരനിക്ഷേപം

സ്ഥിരനിക്ഷേപം ഇല്ല.

4-7 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹7740000 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ചത്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ലൈഫ് മിഷൻ-ഭവന നിർമ്മാണം	GO(MS)No.68/ 2018. LSGD Dt.18.5.2018	14431030	7740000	22171030	2743680*	--	19427350

*2024-25 വർഷം ലൈഫ് ലോണിലേക്കുള്ള തിരിച്ചടവായി പ്രൊജക്ട് മുഖേന സർക്കാർ നേരിട്ട് ₹2743680 കുറവ് ചെയ്തിട്ടുണ്ട്.

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച **47183** /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2022-23	1-11-2	2500	സുജിത് കരാറുകാരൻ	450210101/ 27.05.2024
2022-23	1-11-2	2500	വസന്ത് കരാറുകാരൻ	4501000101/ 10.06.2024
2022-23	1-11-2	2500	സേതുമാധവൻ	12401001596/ 15.06.2024

			കരാറുകാരൻ	
2019-20	1-16	7475	അരുൺകുമാർ കരാറുകാരൻ	1240100961/ 18.07.2024
2019-20	1-17	1670	അരുൺകുമാർ കരാറുകാരൻ	1240100932/ 18.07.2024
2020-21	1-23	3999	ശശീന്ദ്രൻ കരാറുകാരൻ	124000954/ 20.07.24
2023-24	എൻകഎയറിനം 6	4339	സുജിത് കരാറുകാരൻ	1240101000/ 27.07.24
2021-22	1-12	3000	മുച്ചേത്ത് ഗ്രാനൈറ്റ് പ്രൊപ്രൈറ്റർ, തൊഴിൽ നികുതി	1240101178/ 30.08.24
2021-22	1-12	4200	അബ്ദുൾ സലാം തൊഴിൽ നികുതി	1240101179/ 30.08.24
2021-22	1-12	3000	കൃഷ്ണൻകുട്ടി തൊഴിൽ നികുതി	1240101258/ 10.09.24
2021-22	1-12	3000	സുരേഷ് ഡി തൊഴിൽ നികുതി	12401011270/ 11.09.24
2021-22	1-12	2400	മോഹനകൃഷ്ണൻ കെ.എൻ തൊഴിൽ നികുതി	12401011272/ 11.09.24
2023-24	1-11-2	1200	രാജകുമാരൻ എൻ തൊഴിൽ നികുതി	1240102383/ 20.11.24
2023-24	1-11-2	1200	രാജകുമാരൻ എൻ തൊഴിൽ നികുതി	1240102384/ 20.11.24

2023-24	1-11-2	1200	രാജകുമാരൻ എൻ തൊഴിൽ നികുതി	12401023835 20.11.24
2023-24	1-11-2	600	സുബ്രഹ്മണ്യൻ തൊഴിൽ നികുതി	1240102776/ 20.11.24
2023-24	1-11-2	1200	മണികണ്ഠൻ തൊഴിൽ നികുതി	1240102777/ 20.11.24
2023-24	1-11-2	1200	ഉണ്ണിക്കൃഷ്ണൻ. വി തൊഴിൽ നികുതി	1240103095/ 20.11.24
ആകെ		**47183**		

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 91443 രൂപ വരവുണ്ട്. വ്യത്യാസം 44260 രൂപ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ റിക്കവറി നടത്തിയ തുകയാണ്. ആയത് 2021-22 വർഷത്തെ ഓഡിറ്റ് പരാമർശം പ്രകാരം ഈടാക്കിയതിനാലാണ് ആയത് റിക്കവറി രജിസ്റ്ററിൽ ചേർത്തതെന്നും യഥാർത്ഥത്തിൽ ഈ തുക Refund Of Unutilised Grants Prior Period (35040099) എന്ന ഹെഡിലാണ് അക്കൗണ്ടിൽ ചേർത്തിട്ടുള്ളത് എന്നും സെക്രട്ടറി അറിയിച്ചു. 2023-24 ഓഡിറ്റ് എൻകപയറി നം 6 പ്രകാരം ഈടാക്കിയ 4339 രൂപയും ഓഡിറ്റ് റിക്കവറി ഹെഡിൽ ചേർത്തിട്ടുണ്ട്.

4-9 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളൊന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	തുക
മുന്നിരുപ്പ് ഉൾപ്പടെ ഓഡിറ്റ് ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹84381971
ഓഡിറ്റ് വർഷത്തെ ചെലവ്	₹51864540
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (ഭാഗം-1 പ്രകാരം)	25000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1366268

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	ചെലവ് നഷ്ടം	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
3-1	25000	മനോജ്.എം, വി.ഇ.ഒ, സർക്കിൾ-1

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-18	876268	മനോജ്.എം, വി.ഇ.ഒ, സർക്കിൾ-1
1-27	490000	മഹേഷ്കുമാർ.സി, സെക്രട്ടറി

ഭാഗം-1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ട തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
ഇല്ല		

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ട തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-22	67866	മഹേഷ്കുമാർ.സി, സെക്രട്ടറി
3-2	53004	ആദർശ്, അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ,

		തൊഴിലുറപ്പ് പദ്ധതി, പല്ലശ്ശന ഗ്രാമപഞ്ചായത്ത്.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
മനോജ്.എം, വി.ഇ.ഒ, സർക്കിൾ-1	മനോജ്.എം, വി.ഇ.ഒ, സർക്കിൾ-1, പല്ലശ്ശന ഗ്രാമപഞ്ചായത്ത്	തിരുവാതിര, സി.ടി.സി, പാളയം, കൊല്ലങ്കോട്, പാലക്കാട്-678506
മഹേഷ്കുമാർ.സി, സെക്രട്ടറി	സെക്രട്ടറി, പല്ലശ്ശന ഗ്രാമപഞ്ചായത്ത്	പല്ലശ്ശന ഗ്രാമപഞ്ചായത്ത് കിഴക്കേ ഗ്രാമം, തത്തമംഗലം, പാലക്കാട്-678102
ആദർശ്.കെ.വി, അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ	അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ, തൊഴിലുറപ്പ്	ഗോമതി, ചിറ്റിലഞ്ചേരി.പി.ഒ., നെമ്മാറ, പാലക്കാട്-678704

	പദ്ധതി, പല്ലശ്ശന ഗ്രാമപഞ്ചായത്ത്	

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം
1996-97	LF-P6-168/98/10-4-1998	0
1997-98	LF-9831/സ്പെ.സെൽ/എസ്.സി3/01/ 19-7-2001	8
1998-99	LF-P10-1158/01/ 16-11-2011	0
1999-00	LF-4952/സ്പെ.സെൽ//എസ്.സി3/02/20-4-2002	0
2000-01	LF-P10-535/02/3-8-2002	1
2001-02	LF-2123/സ്പെ.സെൽ/ എസ്.സി4/ 05/15-2-2005	1
2002-03	LF-2124/സ്പെ.സെൽ/എസ്.സി4/05/15-2-2005	0
2003-04	LF-P13-695/04/20-6-2005	0
2004-05	LF-P12-194/06/30-5-2006	23
2005-06	LF-P12-21/08/14-7-2008	18
2006-07	LF-P12-22/08/26-6-2008	16
2007-08	LF-P18-1205/10/ 12-12-2011	4
2008-09	LF-P18-1206/10/12-12-2001	11
2009-10 & 2010-11	LF-P18-1382/13 /17-7-2014	8

2011-12	LF-P18-388/14/2-5-2014	22
2012-13	LF-P18-459/15/13-4-15	10
2013-14 & 2014-15	കെഎസ്എ -പികെഡി.18-1433/2016/9-8-2016	6
2015-16	കെ.എസ്.എ.പി.കെ.ഡി.18-252/17/ 10-02-2017	11
2016-17	നം.കെ.എസ്.എ-പികെഡി-18/1139/2017/26-07 -2017	15
2017-18	നം. കെ.എസ്.എ. പി.കെ.ഡി.18-224/19/02.04.2019	15
2018-19	നം.കെ.എസ്.എ.പികെഡി.18-200/2020/12.05.2020	19
2019-20	നം. കെ.എസ്.എ. പി.കെ.ഡി.18-1587/22/ 21.07.2022	3
2020-21	കെ.എസ്.എ-പി.കെ.ഡി.18/1628/2022/ 27/07/2022	7
2021-22	കെ.എസ്.എ-പി.കെ.ഡി.18/269/2023/ 13/04/2023	14
2022-23	കെ.എസ്.എ.(പി.കെ.ഡി) പി -18/1413/23 /3/10/2023	29
2023-24	കെ.എസ്.എ.പി.കെ.ഡി-പി18-1182/24യ07.10.24	9

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 10 dated 10 dated 24-05-2025 and submitted on 06-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pallassana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pallassana Grama Panchayat as on 31-03-2025

Date: 08/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pallassana Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1. The mandatory financial statements- Ratios,Notes to accounts prescribed in the Kerala Panchayat Raj Accounting Rules 2011 are not submitted for audit.

2. Net increase /decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents in the cash flow statement.
3. The total amount in the Audit Recovery Register is not in accorded with the audit recovery head

4. As per I-6 Schedule and B3 Schedule the total expenditure in the Development Fund general is 16550840. But in the Sulekha Expenditure Statement the expenditure recorded as 16451598.

5. Asset register is not updated. Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance sheet could not be ascertained.

Deputy Director

<u>അനുബന്ധം-2</u>
<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം -3
വാർഷിക ധനകാര്യ പത്രിക -സംഗ്രഹം

Pallassana Grama Panchayat **BALANCE SHEET**			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	8831460.60
311000000	Earmarked Funds - Special Funds/Sinking Fund/Trust or	B-2	4000.00
	Agency Fund		
312000000	Reserves	B-3	105166786.16
	Total Reserve & Surplus		**114002246.76**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	17939060.00
	Total Grants, Contributions for Specific Purposes		**17939060.00**
	Loans		
330000000	Secured Loans	B-5	19427350.00
331000000	Unsecured Loans	B-6	0
	Total Loans		**19427350.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	590732.00
341000000	Deposits Works	B-8	0
350000000	Other Liabilities	B-9	1187023.40
360000000	Provisions	B-10	0
	Total Current Liabilities and Provisions		**1777755.40**
	TOTAL LIABILITIES		**153146412.16**
	ASSETS		

	Fixed Assets		
410000000	Fixed Assets	B-11	2520972.00
412000000	Capital Work in Progress	B-11(b)	0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	2007247.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	17279031.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	81283338.00
416000000	Accumulated Depreciation	B-11(a)	-13013109.00
	Total Fixed Assets		**90077479.00**
	Investments		
420000000	Investments-General Fund	B-12	0

Pallassana Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	3394529.00
120000000	Assigned Revenues, Shared Taxes and Compensations	I-2	0
	(BLOCKED)		
130000000	Rental Income from Panchayat / Municipal Properties	I-3	385573.00
140000000	Fee & User Charges	I-4	1380903.00
150000000	Sale & Hire Charges	I-5	308443.00
160000000	Revenue Grants, Funds, Contributions & Compensations /	I-6	185516449.00
	Subsidies		
170000000	Income from Investments	I-7	0
171000000	Interest Earned	I-8	342836.00
180000000	Other Income	I-9	57716.00
190000000	Prior Period Income	I-19	11686.00

	Total Income		**191386449.00**
	EXPENDITURE		
210000000	Establishment Expenses	I-10	11416474.00
220000000	Administrative Expenses	I-11	1444493.00
230000000	Operations & Maintenance	I-12	2613200.00
240000000	Interest & Finance Charges	I-13	16.00
250000000	Decentralised Plan Programme-Productive Sector /	I-14	8488292.00
	Programme Expenses		
251000000	Decentralised Plan Programme-Service Sector	I-14(A)	42049510.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	14015986.00
253000000	Decentralised Plan Programme-Projects not included in	I-14(C)	41854113.00
	Sector Division		
254000000	Expenditures of Transfered Institutions and State Sponsored	I-14(D)	63355100.00
	Schemes (not included under Decentralized Plan Programme)		
255000000	Maintenance Projects	I-14(E)	0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1517171.00
260000000	Grants, Contributions & Compensation from Own Fund /	I-15	0
	Subsidies		
270000000	Provisions and Write off	I-16	0
271000000	Miscellaneous Expenses on Disposal of Assets and	I-17	0
	Investments		

Pallassana Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	RECEIPTS		

	Opening Balance		
Bank	Bank	RP-40(a)	32131727.00
Cash	Cash	RP-40(a)	41673.00
	Operating		
110000000	Tax Revenue	RP-1	688080.00
130000000	Rental income from Panchayat Properties	RP-3	500.00
140000000	Fees & User Charges	RP-4	1274833.00
150000000	Sale & Hire Charges	RP-5	308443.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	16514809.00
171000000	Interest Earned	RP-9	342836.00
190000000	Prior Period Income	RP-11	54300.00
311000000	Earmarked Funds	RP-28	4000.00
320000000	Grants, Funds & Contributions for Specific Purposes	RP-30	20629117.00
431000000	Sundry Debtors (Receivables)	RP-45	3644046.00
460000000	Loans, Advances and Deposits	RP-49	87674.00
	Non Operating		
180000000	Other Income	RP-10	57716.00
330000000	Secured Loans	RP-31	7740000.00
340000000	Deposits Received	RP-33	100774.00
350000000	Other Liabilities	RP-35	761443.00
	Grand total		**84381971.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	2000.00
230000000	Operations & Maintenance	RP-14	14980.00
320000000	Grants, Funds & Contributions for Specific Purposes	RP-30	75692.00
431000000	Sundry Debtors (Receivables)	RP-45	8834726.00
460000000	Loans, Advances and Deposits	RP-49	472344.00
	Non Operating		
340000000	Deposits Received	RP-33	33500.00
350000000	Other Liabilities	RP-35	42431298.00

	Closing Balance		
Bank	Bank	RP-40(b)	32509271.00
Cash	Cash	RP-40(b)	8160.00
	Grand Total		**84381971.00**